# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കറുകച്ചാൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെറ്റിഎം പി5/1711/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 10/02/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കറുകച്ചാൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെറ്റിഎം പി5/1711/21 തീയ്യതി: 10/02/2022

## കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2021 മുതൽ 30-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രാധാകൃഷ്ണൻ എം എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 14-12-2021 | 23-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-12-2021 | 23-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ.ആർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി ദർശന.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സുനിൽ കുമാർ.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ എമിൽ റ്റി എബ്രഹാം,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബി ബിജുകുമാർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി ശ്രീജിഷ കിരൺ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി അനിത എം തോമസ് | സെക്രട്ടറി | 01-04-2020 | 25-05-2020 |
| ശ്രീ റോയി കെ ജോർജ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-05-2020 | 15-06-2020 |
| ശ്രീ കെ എൻ രാധാകൃഷ്ണൻ നായർ | സെക്രട്ടറി | 16-06-2020 | 22-06-2020 |
| ശ്രീ ബിനോയ് പി റ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-06-2020 | 24-06-2020 |
| ശ്രീ അജയകുമാർ പി | സെക്രട്ടറി | 25-06-2020 | 03-03-2021 |
| ശ്രീ റോയി കെ ജോർജ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീബാമോൾ കെ എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 05-05-2020 |
| ശ്രീ റോയി കെ ജോർജ് | അസിസ്റ്റന്റ് സെക്രട്ടറി | 06-05-2020 | 31-03-2021 |
| ശ്രീമതി ചാന്ദിനി പി ബി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി രശ്മി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ദീപ്തി വി | ഐ സിഡി എസ് സൂപ്പർവൈസർ | 01-04-2020 | 19-11-2020 |
| ശ്രീമതി സിന്ധു പി ജി | ഐ സിഡി എസ് സൂപ്പർവൈസർ | 20-11-2020 | 31-03-2021 |
| ഡോ.അനുപമ | മെഡിക്കൽഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ ശ്രീജ ജി എസ് | മെഡിക്കൽഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ ജയശ്രീ കെ എൻ | മെഡിക്കൽഓഫീസർ (അലോപ്പതി) | 01-04-2020 | 31-03-2021 |
| ഡോ ഡി ദീപു | വെറ്ററിനറി സർജൻ | 01-04-2020 | 16-03-2021 |
| ഡോ സുജ എം ചാക്കോ | വെറ്ററിനറി സർജൻ | 17-03-2021 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി ഷാമില പി എച്ച് | ഹെഡ്മിസ്ട്രസ് | 01-04-2020 | 14-06-2020 |
| ശ്രീ ബ്രിജിത്ത് സി കെ | ഹെഡ്മാസ്റ്റർ | 15-06-2020 | 31-03-2021 |
| ശ്രീ ലിബീഷ് മാത്യു | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ ദിലീപ് കുമാർ | വി.ഇ.ഒ-1 | 01-04-2020 | 31-03-2021 |
| ശ്രീമതി ഷൈല ഇ | വി.ഇ.ഒ-2 | 01-04-2020 | 09-10-2020 |
| ശ്രീ ദിലീപ് കുമാർ | വി.ഇ.ഒ-2 (Add.Charge) | 10-10-2020 | 31-03-2021 |

12.11.2020 മുതൽ 20.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Emil T Abraham (Senior Grade Auditor, On 16-12-2021)<br>Last Updated By: Emil T Abraham (Senior Grade Auditor, On 16-12-2021) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 16-12-2021)<br>Last Updated By: Sinimol Francis (Computer Assistant, On 08-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Emil T Abraham (Senior Grade Auditor, On 16-12-2021)<br>Last Updated By: Maya R (Audit Officer, On 26-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Darsana V (Senior Grade Auditor, On 21-12-2021)<br>Last Updated By: Darsana V (Senior Grade Auditor, On 24-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Maya R (Audit Officer, On 20-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Emil T Abraham (Senior Grade Auditor, On 17-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: Emil T Abraham (Senior Grade Auditor, On 16-12-2021)<br>Last Updated By: Emil T Abraham (Senior Grade Auditor, On 16-12-2021) | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന<br>Written By: Emil T Abraham (Senior Grade Auditor, On 16-12-2021)<br>Last Updated By: Emil T Abraham (Senior Grade Auditor, On 16-12-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Maya R (Audit Officer, On 20-12-2021)<br>Last Updated By: Maya R (Audit Officer, On 20-12-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 16-12-2021)<br>Last Updated By: Emil T Abraham (Senior Grade Auditor, On 16-12-2021) | 1-10 |
| 11 | വസ്തുനികുതി നിർണ്ണയം -അപാകത<br>Written By: Darsana V (Senior Grade Auditor, On 23-12-2021)<br>Last Updated By: Maya R (Audit Officer, On 24-12-2021) | 1-11-1 |
| 12 | ഒറ്റത്തവണ കെട്ടിടനികുതി അടച്ച രേഖയില്ലാതെ വസ്തുനികുതി നിർണ്ണയിച്ചു.<br>Written By: Darsana V (Senior Grade Auditor, On 23-12-2021)<br>Last Updated By: Maya R (Audit Officer, On 24-12-2021) | 1-11-2 |
| 13 | വസ്തുനികുതി-കളക്ഷൻ സഞ്ചയ ,സാംഖ്യ എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.<br>Written By: Darsana V (Senior Grade Auditor, On 23-12-2021)<br>Last Updated By: Maya R (Audit Officer, On 24-12-2021) | 1-11-3 |
| 14 | വസ്തുനികുതി -കുടിശ്ശിക അവശേഷിക്കുന്നു.<br>Written By: Darsana V (Senior Grade Auditor, On 23-12-2021)<br>Last Updated By: Maya R (Audit Officer, On 24-12-2021) | 1-11-4 |
| 15 | വസ്തുനികുതി പുന:നിർണ്ണയിച്ചു- ഓഡിറ്റ് ഇംപാക്ട്<br>Written By: Darsana V (Senior Grade Auditor, On 23-12-2021)<br>Last Updated By: Maya R (Audit Officer, On 24-12-2021) | 1-11-5 |
| 16 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 23-12-2021)<br>Last Updated By: Sinimol Francis (Computer Assistant, On 08-02-2022) | 1-12-1 |
| 17 | തൊഴിൽ നികുതി കുടിശ്ശിക അവശേഷിക്കുന്നു. | 1-12-2 |

| | | |
|---|---|---|
| | Written By: Darsana V (Senior Grade Auditor, On 23-12-2021)<br>Last Updated By: Sinimol Francis (Computer Assistant, On 08-02-2022) | |
| 18 | വാടക 675223 രൂപ ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: Emil T Abraham (Senior Grade Auditor, On 22-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-13 |
| 19 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Emil T Abraham (Senior Grade Auditor, On 22-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-14 |
| 20 | ലേലതുകയിൽ നിന്ന് ജി എസ് റ്റി ഈടാക്കിയില്ല<br>Written By: Emil T Abraham (Senior Grade Auditor, On 22-12-2021)<br>Last Updated By: Sinimol Francis (Computer Assistant, On 08-02-2022) | 1-15 |
| 21 | റെഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല<br>Written By: Emil T Abraham (Senior Grade Auditor, On 22-12-2021)<br>Last Updated By: Maya R (Audit Officer, On 24-12-2021) | 1-16-1 |
| 22 | പെർമിറ്റ് സംബന്ധമായ അപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 22-12-2021)<br>Last Updated By: Maya R (Audit Officer, On 26-12-2021) | 1-16-2 |
| 23 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല<br>Written By: Emil T Abraham (Senior Grade Auditor, On 23-12-2021)<br>Last Updated By: Maya R (Audit Officer, On 26-12-2021) | 1-17 |
| 24 | ഇ—ടെണ്ടർ -ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല<br>Written By: Emil T Abraham (Senior Grade Auditor, On 22-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-18 |
| 25 | 76.2 ലക്ഷം ചെലവഴിച്ച് ടാക്സി സ്റ്റാന്റ് സ്ഥലമെടുപ്പ് -25.25 ലക്ഷം ചെലവഴിച്ച് കംഫർട്ട് സ്റ്റേഷൻ നിർമ്മാണം-സ്ഥലം അധീനതയിലാക്കൽ അനിശ്ചിതത്വത്തിൽ<br>Written By: Maya R (Audit Officer, On 22-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-19 |
| 26 | മിനിസിവിൽസ്റ്റേഷൻ കോംബൗണ്ടിലെ പഞ്ചായത്ത് കെട്ടിടത്തിൽ ഒന്നാംനില നിർമ്മാണം - കെട്ടിടനിർമ്മാണം പൂർത്തീകരിരിച്ചില്ല.<br>Written By: Maya R (Audit Officer, On 22-12-2021)<br>Last Updated By: Maya R (Audit Officer, On 26-12-2021) | 1-20 |
| 27 | കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ ടെൻഡർ അംഗീകരിച്ചില്ല- നഷ്ടം 7795/-രൂപ<br>Written By: Maya R (Audit Officer, On 23-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-21 |
| 28 | കുടിവെള്ള പദ്ധതികൾ -പൂർത്തീകരിച്ചില്ല- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Maya R (Audit Officer, On 23-12-2021)<br>Last Updated By: Sinimol Francis (Computer Assistant, On 08-02-2022) | 1- 22 |
| 29 | കരാർ വയ്ക്കാൻ വന്ന കാലതാമസം- നിയമാനുസൃത പിഴ ഈടാക്കിയില്ല<br>Written By: Maya R (Audit Officer, On 23-12-2021)<br>Last Updated By: Sinimol Francis (Computer Assistant, On 08-02-2022) | 1-23 |
| 30 | ബാരൽ വില തനത് ഫണ്ടിൽ സൂക്ഷിക്കുന്നു- സർക്കാർ ഫണ്ടിന് നഷ്ടം<br>Written By: Maya R (Audit Officer, On 22-12-2021)<br>Last Updated By: Sinimol Francis (Computer Assistant, On 08-02-2022) | 1-24 |
| 31 | ആസ്തി പരിപാലനം- നടപടികൾ ഫലപ്രദമല്ല<br>Written By: Maya R (Audit Officer, On 23-12-2021)<br>Last Updated By: Maya R (Audit Officer, On 26-12-2021) | 1-25 |
| 32 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 22-12-2021)<br>Last Updated By: Maya R (Audit Officer, On 24-12-2021) | 1-26 |
| 33 | ഹരിത സഹായസ്ഥാപനത്തിന് തുക അടവാക്കൽ -വിശദാംശങ്ങൾ ലഭ്യമല്ല.<br>Written By: Darsana V (Senior Grade Auditor, On 23-12-2021) | 1-27 |

| | | |
|---|---|---|
| | Last Updated By: Maya R (Audit Officer, On 24-12-2021) | |
| 34 | ഹരിത കർമ്മ സേനക്ക് കരുതേകൽ - ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 23-12-2021)<br>Last Updated By: Maya R (Audit Officer, On 26-12-2021) | 1-28 |
| 35 | തെരുവ് വിളക്ക് പരിപാലനം- നടപടിക്രമങ്ങൾ പാലിക്കുന്നില്ല<br>Written By: Darsana V (Senior Grade Auditor, On 23-12-2021)<br>Last Updated By: Maya R (Audit Officer, On 26-12-2021) | 1-29 |
| 36 | ആർജ്ജിതാവധി സേവനപുസ്തകത്തിൽ രേഖപ്പെടുത്തി ആധികാരികമാക്കാതെ ലീവ്സറണ്ടർ അനുവദിച്ചു<br>Written By: Darsana V (Senior Grade Auditor, On 23-12-2021)<br>Last Updated By: Sinimol Francis (Computer Assistant, On 08-02-2022) | 1-30 |
| 37 | പൊതു ടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധന നടത്തിയിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 23-12-2021)<br>Last Updated By: Sinimol Francis (Computer Assistant, On 08-02-2022) | 1-31 |
| 38 | സമഗ്ര ശിക്ഷ കേരളം-വിനിയോഗ വിശദാംശമില്ല.<br>Written By: Darsana V (Senior Grade Auditor, On 24-12-2021)<br>Last Updated By: Darsana V (Senior Grade Auditor, On 26-12-2021) | 1-32 |
| 39 | മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു - 323400രൂപ തിരികെ ഈടാക്കണം<br>Written By: Emil T Abraham (Senior Grade Auditor, On 22-12-2021)<br>Last Updated By: Sinimol Francis (Computer Assistant, On 08-02-2022) | 1-33 |
| 40 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി - 112900 രൂപ തിരികെ ഈടാക്കണം<br>Written By: Emil T Abraham (Senior Grade Auditor, On 22-12-2021)<br>Last Updated By: Maya R (Audit Officer, On 24-12-2021) | 1-34 |
| 41 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. 2% റ്റി.ഡി.എസ് ആയി കുറവ് ചെയ്തിട്ടില്ല<br>Written By: Emil T Abraham (Senior Grade Auditor, On 22-12-2021)<br>Last Updated By: Maya R (Audit Officer, On 24-12-2021) | 1-35 |
| 42 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ കോൺക്രീറ്റിംഗ് പ്രവൃത്തികളിലെ അപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 22-12-2021)<br>Last Updated By: Maya R (Audit Officer, On 26-12-2021) | 1-36 |
| 43 | ഡെപ്പോസിറ്റ് വർക്ക് -വിനിയോഗവിവരം ലഭിച്ചിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 22-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-37 |
| 44 | ലൈഫ് പദ്ധതി - അവലോകനം<br>Written By: Emil T Abraham (Senior Grade Auditor, On 21-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-38 |
| 45 | വി ഇ ഒ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 22-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-39 |
| 46 | ആശ്രയ പദ്ധതി - വീട് അറ്റകുറ്റപ്പണി പൂർത്തിയായില്ല, വിലയിരുത്തൽ സമിതി രൂപീകരിച്ചില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 1-40 |
| 47 | അംഗൻവാടികൾക്ക് പൈപ്പ് കണക്ഷൻ - നിക്ഷേപ പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-41 |

| | | |
|---|---|---|
| | Written By: Sunil Kumar G (Senior Grade Auditor, On 24-12-2021)<br>Last Updated By: Maya R (Audit Officer, On 26-12-2021) | |
| 48 | വൃദ്ധർക്ക് കട്ടിൽ - സാമ്പിൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല – ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന് ടെൻഡർ നൽകി<br>Written By: Sunil Kumar G (Senior Grade Auditor, On 24-12-2021)<br>Last Updated By: Sinimol Francis (Computer Assistant, On 08-02-2022) | 1-42 |
| 49 | ജോയിന്റ് വെഞ്ചർ പ്രോജക്ട് - ചെലവ് തുകകളിൽ അവ്യക്തത - യഥാർത്ഥ ചെലവുകളിൽ പൊരുത്തക്കേടുകൾ നിലനിൽക്കുന്നു<br>Written By: Sunil Kumar G (Senior Grade Auditor, On 24-12-2021)<br>Last Updated By: Maya R (Audit Officer, On 26-12-2021) | 1-43 |
| 50 | എ.ബി.സി പ്രോഗ്രാം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 24-12-2021)<br>Last Updated By: Maya R (Audit Officer, On 26-12-2021) | 1-44-1 |
| 51 | കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 24-12-2021)<br>Last Updated By: Maya R (Audit Officer, On 26-12-2021) | 1-44-2 |
| 52 | മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - മരുന്നിന്റെ പേര് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 24-12-2021)<br>Last Updated By: Maya R (Audit Officer, On 26-12-2021) | 1-44-3 |
| 53 | പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി (പി.എം.സി) യഥാസമയം യോഗം ചേർന്നില്ല, വരവ് ചെലവ് കണക്കുകൾ അംഗീകരിച്ചില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 24-12-2021)<br>Last Updated By: Maya R (Audit Officer, On 26-12-2021) | 1-45 |
| 54 | കോവിഡ് -19 പ്രതിരോധപ്രവർത്തനം -അവലോകനം .<br>Written By: Darsana V (Senior Grade Auditor, On 22-12-2021)<br>Last Updated By: Maya R (Audit Officer, On 26-12-2021) | 1-46 |
| | **ഭാഗം 2** | |
| 1 | റെഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല - നഷ്ടം 30740 രൂപ<br>Written By: Emil T Abraham (Senior Grade Auditor, On 26-12-2021)<br>Last Updated By: Emil T Abraham (Senior Grade Auditor, On 26-12-2021) | 2-1 |
| | **ഭാഗം 3** | |
| 1 | കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ ടെൻഡർ അംഗീകരിച്ചില്ല- നഷ്ടം 7795/-രൂപ<br>Written By: Maya R (Audit Officer, On 23-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-02-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റുകളുടെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 16-12-2021)<br>Last Updated By: Emil T Abraham (Senior Grade Auditor, On 16-12-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Emil T Abraham (Senior Grade Auditor, On 16-12-2021)<br>Last Updated By: Sinimol Francis (Computer Assistant, On 08-02-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Emil T Abraham (Senior Grade Auditor, On 16-12-2021)<br>Last Updated By: Sinimol Francis (Computer Assistant, On 08-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Emil T Abraham (Senior Grade Auditor, On 16-12-2021)<br>Last Updated By: Emil T Abraham (Senior Grade Auditor, On 16-12-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Emil T Abraham (Senior Grade Auditor, On 16-12-2021)<br>Last Updated By: Emil T Abraham (Senior Grade Auditor, On 16-12-2021) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Emil T Abraham (Senior Grade Auditor, On 16-12-2021)<br>Last Updated By: Emil T Abraham (Senior Grade Auditor, On 16-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Emil T Abraham (Senior Grade Auditor, On 16-12-2021)<br>Last Updated By: Emil T Abraham (Senior Grade Auditor, On 16-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 16-12-2021)<br>Last Updated By: Emil T Abraham (Senior Grade Auditor, On 16-12-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 16-12-2021)<br>Last Updated By: Emil T Abraham (Senior Grade Auditor, On 16-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Emil T Abraham (Senior Grade Auditor, On 16-12-2021)<br>Last Updated By: Sinimol Francis (Computer Assistant, On 09-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 16-12-2021)<br>Last Updated By: Sinimol Francis (Computer Assistant, On 08-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്-വിശകലനം

2020-21 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 19/02/2021 തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 32493659 | 23777385.55 |
| വരവ് | 126062400 | 78317485 |
| ആകെ | 158556059 | 102094870.55 |
| ചെലവ് | 148217715 | 84386608 |
| നീക്കിയിരിപ്പ് | 10338344 | 17708262.55 |

പുതുക്കിയ ബജറ്റ് പ്രകാരം 12.60 കോടി രൂപയുടെ പ്രതീക്ഷിത വരവും 14.82 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 13.44 കോടി രൂപയും ചെലവ് 13.52 കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 134473188 രൂപയും ചെലവ് 135285065 രൂപയും തൻവർഷ പ്രവർത്തന നഷ്ടം 811877രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 88689614.55 രൂപയും ബാധ്യതകളുടെ മൂല്യം 61738076.15 രൂപയും ജനറൽ ഫണ്ട് 26951538.40 രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1.26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഭൂമിയുടെ മൂല്യം (Land) അക്കൗണ്ട് ചെയ്തിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ കൃത്യത വ്യക്തമല്ല.

2.വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

3.സർക്കാരിലേക്കും മറ്റ് സ്ഥാപങ്ങളിലേക്കും ഒടുക്കുന്ന/ഒടുക്കാനുള്ള തുകകളുടെ (Dues To Government) (GST,Flood Cess, Library Cess Etc.) വിനിമയം നിരീക്ഷിക്കുന്നതിന് സർക്കാർ ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4.പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. ആധികാരികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5.കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.(B-7

ഷെഡ്യൂൾ).

6. ലൈബ്രറി ഗ്രാന്റിനത്തിലെ വരവ് , ചെലവ് തുകകൾ എ.സി.ആർ. ധനകാര്യ പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.(B-7 ഷെഡ്യൂൾ)

7. B-4 ഷെഡ്യൂളിലെ ICDS എന്ന ഹെഡിൽ 1005293 രൂപ അവശേഷിക്കുന്നു . എന്നാൽ RP-40(b) യിൽ ICDS എന്ന ഹെഡിൽ 968339 രൂപ മാത്രമാണ് ഉള്ളത് . 36954 രൂപയുടെ വ്യത്യാസം പ്രതിഫലിക്കുന്നു.

8.ശുചിത്വമിഷൻ ഗ്രാന്റിനത്തിലെ വരവ് , ചെലവ് തുകകൾ എ.സി.ആർ. ധനകാര്യ പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.(B-4 ഷെഡ്യൂൾ)

9. B-4 ഷെഡ്യൂളിലെ Grants, Funds&contribution For Specific Purposes -Other Goverment Agencies എന്ന ഹെഡിൽ അവശേഷിക്കുന്ന 40000 രൂപയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

10. B7 ഷെഡ്യൂളിൽ ഇലക്ഷനുമായി ബന്ധപ്പെട്ട് സ്ഥാനാർത്ഥികളിൽ നിന്ന് ഇലക്ഷൻ ഡെപ്പോസിറ്റായി സ്വീകരിച്ച 64000 രൂപ ബാദ്ധ്യതയായി അവശേഷിക്കുന്നു. കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് 144-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

11. 1-18 പ്രകാരം മുൻവർഷ ഇനമായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ വിശദീകരണമോ രേഖകളോ ലഭ്യമല്ല.

12. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

13. ബി- 18 ഷെഡ്യൂളിൽ 460600101 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 23804/- രൂപ ക്രമീകരിക്കാത്തതിന്റെ കാരണം വ്യക്തമല്ല.

14. ബി- 18 ഷെഡ്യൂളിൽ 460509901 എന്ന ശീർഷകത്തിൽ(Advance To Others) Redumption Amount തുക(6277311 രൂപ ) ഉൾപ്പെടുത്തിയിരിക്കുന്നു

15. ബി- 7 ഷെഡ്യൂളിൽ ഉൾപ്പെട്ട കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

16.പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ബാങ്കിന്റെ പേര് | ചെക്ക് നമ്പർ | തീയതി | |
|---|---|---|---|
| കോട്ടയം ജില്ലാ സഹകരണബാങ്ക് കറുകച്ചാൽ ബ്രാഞ്ച് (അക്കൗണ്ട് നമ്പർ -050221200400480 ) | 497173 | 28.10.19 | 350 |
| | 383374 | 04.12.18 | 2500 |
| | 465269 | 26.08.20 | 2703 |

17. 412010101-Capiatal Work In Progress തുകയുടെ കൃത്യത പാർട്ട് ബിൽ തുകകളുടെ കണക്കുകൾ മുഖേന ബോധ്യപ്പെടുത്തിയിട്ടില്ല.

18.RP-3 (Rental Income From Panchayat Properties) ഷെഡ്യൂളിൽ ഉൾപ്പെട്ട Rent From Staff Quarters എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 6170/- രൂപയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമാക്കിയില്ല .

19.കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ട്രഷറിയിൽ തുടങ്ങിയ STSB അക്കൗണ്ട് ( 799011400006339 ) വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയില്ല

20. വിവിധ അങ്കണവാടികൾക്ക് വാട്ടർ അതോറിറ്റി പൈപ്പ് കണക്ഷൻ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഡെപ്പോസിറ്റ് തുകയുടെ (വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചില്ല ) വിവരം വാർഷിക കണക്കുകളിൽ( RP-47 Loans , Advance & Deposits) ഉൾപ്പെടുത്തിയില്ല .

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച്

ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2020-21 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം ഉള്ള വരവ്/ ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയുടെ വിവരവും ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 23777385.55 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78317485 |
| ആകെ | 102094870.55 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84386608 |
| നീക്കിയിരിപ്പ് | 17708262.55 |
| വരവിനങ്ങളിലുള്ള നഷ്ടം | 30740/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7795/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3300302/- |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ് / വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11940750/- | 11940750 | 11420925/- | 519825/- | 95% |
| വികസന ഫണ്ട്- എസ്.സി.പി | 0 | 9379290/- | 9379290/- | 7645836/- | 1733454/- | 82% |
| വികസന ഫണ്ട്- ടി.എസ്.പി. | 0 | 299000/- | 299000/- | 151205/- | 147795/- | 51% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 8352844/- | 8352844/- | 5100710/- | 3252134/- | 61% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 4650000/- | 4650000/- | 2099524/- | 2550476/- | 45% |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 15103000/- | 15103000/- | 15083900/- | 19100/- | 99.7% |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 3456681/- | 3456681/- | 2101954/- | 1354727/- | 60.80% |
| ആകെ ലാപ്സായ തുക | | | | | 95,77,511/- | |
| ICDS ഫണ്ട് (കേന്ദ്രവിഹിതം) | 848217/- | 739880/- | 1588097/- | 582804/- | 1005293/- | |
| സംയുക്ത പ്രോജക്ട് | 2311899/- | 0 | 2311899/- | 1360000/- | 951899/- | |

| | | | | | | |
|---|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | | | | | | |
| ശുചിത്വ മിഷൻ ഗ്രാന്റ് | 918154/- | 2633482/- | 3551636/- | 1467029/- | 2084607/- | |

വികസനഫണ്ട് വരവ് പൊതുവിഭാഗത്തിൽ പഞ്ചായത്തിൽ നേരിട്ട് വന്ന 10085048/- രൂപയും ജി.ഓ. പ്രോജക്ടിലൂടെ ക്രമീകരിച്ച 1855702/- രൂപയും ഉൾപ്പടെ 11940750/- രൂപയാണ്. വികസന ഫണ്ട് -എസ്.സി.പി വരവ് പഞ്ചായത്തിൽ നേരിട്ട് വന്ന 9100898/- രൂപയും ജി.ഓ. പ്രോജക്ടിലൂടെ ക്രമീകരിച്ച 278392/- രൂപയും ഉൾപ്പടെ 9379290 /- രൂപയുമാണ്. ഗ്രാന്റിന്റെ വിനിമയം സംബന്ധിച്ച അക്കൗണ്ടിങ്ങിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വികസന ഫണ്ട് പൊതുവിഭാഗം,വികസന ഫണ്ട് -എസ്.സി.പി. എന്നിവയുടെ അലോട്ട്മെന്റ് തുകയിൽ സ്രോതസിൽ കുറവ് ചെയ്ത തുകകൾ ഉൾപ്പെട്ടിട്ടില്ല . ആയതിനാൽ പ്രസ്തുത ഗ്രാന്റുകളുടെ നീക്കിയിരിപ്പും ഗ്രാന്റ് പത്രികയിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.
2. റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ വോട്ടിങ്ങ് മെഷീന് വേണ്ടി സ.ഉ(സാധാ) നം 4444/2020/ധന തീയതി 3-8-2020 പ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത 35319/- രൂപയുടെ പ്രോജക്ട് തയ്യാറാക്കി ഉൾപ്പടുത്തിയിട്ടില്ല.

3. ഗ്രാന്റ് പത്രികയിലെ മേഖല തിരിച്ചുള്ള അലോട്ട്മെന്റ് തുകകളുടെ കണക്ക് യഥാർത്ഥ അലോട്ട്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

4.പഞ്ചായത്തിൽ നേരിട്ട് ലഭിക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് എ.സി.ആർ. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽ സൂചിപ്പിച്ച ധനകാര്യ പത്രിക പ്രകാരമുള്ള അവയുടെ വിനിമയത്തിന്റെ കൃത്യത വ്യക്തമല്ല. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന്(ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ. പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 03.02.2021 ലെ ഉത്തരവ് നം.80898/20/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 16-12-19 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 19-12-19 |
| നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം | 06-01-20 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 12-01-20 മുതൽ 19-1-20 വരെ |
| ഊരുക്കൂട്ടം /വയോജന/ഭിന്നശേഷി ഗ്രാമസഭ | 24-01-20 |
| വികസനസെമിനാർ | 6-3-20 |

2020-21 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 101227980/- രൂപയും ആകെ ചെലവ് 55348111/- രൂപയുമാണ്. ചെലവുശതമാനം 54.68%.

സർക്കാർ ഉത്തരവ് (സാധാ)990/2019/ത സ്വ. ഭ.വ തീയതി 15/3/2019 പ്രകാരം സ്പിൽ ഓവർപ്രോജക്ടുകൾക്കുൾപ്പെടെയുള്ള തുക ലഭിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത്

വാർഷികപദ്ധതിയിൽ വികസനഫണ്ടിൽ അധികതുക വകയിരുത്തിയിരുന്നു. പിന്നീട് ബജറ്റ് വകയിരുത്തലിനനുസൃതമായി വാർഷികപദ്ധതി അടങ്കലിൽ ഭേദഗതി വരുത്തിയുമില്ല. മേൽസാഹചര്യം വാർഷികപദ്ധതിക്കുവേണ്ടിയുള്ള വികസനഫണ്ടിന്റെ വകയിരുത്തൽ സംസ്ഥാനബജറ്റ് പ്രകാരം അനുവദിച്ച തുകകളേക്കാൾ അധികമാകുന്നതിനിടയായി. സ.ഉ (സാധാ)നം 3099/2021/ധന തീയതി 29-3-21, സ.ഉ (സാധാ)നം 2904/2021/ധന തീയതി 25-3-21 ഉത്തരവുകൾ പ്രകാരം 2020-21ൽ ബജറ്റ് വിഹിതം ധനകാര്യകമ്മീഷൻ ഒഴികെയുള്ള വികസനഫണ്ട് 90%ൽ കൂടുതൽ ചെലവഴിച്ച ഗ്രാമപഞ്ചായത്തുകൾക്ക് സ്പിൽ ഓവർ പദ്ധതികൾക്കുള്ള ക്യാരി ഓവർ വിഹിതമായി അർഹമായ തുകയുടെ 50%തുക പൊതുവിഭാഗം, എസ് സിപി, ടിഎസ്പി ഫണ്ടുകളിൽ ലഭിച്ചിരുന്നു.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 1226000 | 1087690 | 88.72 |
| വെറ്ററിനറി സർജൻ | 10 | 8 | 3924850 | 2119634 | 54.01 |
| എം.ഒ (പിഎച്ച്സി) | 2 | 1 | 465070 | 415065 | 89.25 |
| എം.ഒ (ഹോമിയോ) | 1 | 1 | 150000 | 150000 | 100 |
| എം.ഒ (ആയുർവേദം) | 1 | 1 | 250000 | 250000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 0 | 783000 | 0 | 0 |
| വി ഇ ഒ | 11 | 7 | 38138400 | 14715044 | 38.58 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 8 | 5 | 5298920 | 3721201 | 70.23 |
| സെക്രട്ടറി | 39 | 29 | 8837147 | 5535076 | 62.63 |
| അസി.എൻജിനീയർ – എൽ.എസ്.ജി.ഡി | 149 | 119 | 38699377 | 24768967 | 64 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 1536216 | 885421 | 57.64 |
| ഹെഡ്മാസ്റ്റർ | 1 | 1 | 200000 | 197120 | 98.56 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 5 | 1719000 | 1502893 | 87.43 |
| ആകെ | 244 | 190 | 101227980 | 55348111 | 54.68 |

വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 95.78 ലക്ഷം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

2020-21 കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ മികച്ച നേട്ടം കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. വികസനഫണ്ട് പൊതുവിഭാഗം, എസ് സിപി, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ ചെലവ് 100% ന് അടുത്താണ്. ടി എസ് പി, ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിനിയോഗം യഥാക്രമം 58%, 66% മാത്രമാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ

ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. വിഇഒ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 11 പ്രോജക്ടുകളിൽ 7 എണ്ണം നടപ്പാക്കാൻ സാധിച്ചുവെങ്കിലും ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത് വിഹിതങ്ങളും ചെലവഴിക്കാതിരുന്നത് മൂലം ആകെ ചെലവ് ശതമാനം വളരെ കുറഞ്ഞ് നിൽക്കുന്ന സാഹചര്യമാണ് (ചെലവ് ശതമാനം 38.58%) ഉണ്ടായത്. ട്രഷറി നിയന്ത്രണങ്ങളും കോവിഡ് അനന്തര ലോക്ക്ഡൗണും അതിനെ തുടർന്നുള്ള നിയന്ത്രണങ്ങളും മൂലമാണ് തുക വിനിയോഗത്തിൽ കുറവ് സംഭവിച്ചതെന്ന് കരുതുന്നു. തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|
| വികസനഫണ്ട്-ജനറൽ | 519825/- |
| വികസനഫണ്ട്-എസ്.സി.പി | 1733454/- |
| വികസനഫണ്ട്- ടി.എസ്.പി. | 147795/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(Untied) | 3252134/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(Tied) | 2550476/- |
| മെയിന്റനൻസ് ഗ്രാന്റ്-Road | 19100/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 1354727/- |
| ആകെ ലാപ്സായ തുക | 9577511 |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 95.78 ലക്ഷം രൂപ ആത്യന്തികമായി ഗ്രാമപഞ്ചായത്തിന് നഷ്ടമായി. 95.78 ലക്ഷത്തിലധികം രൂപ തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല</u>

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. പല വർക്കിംഗ് ഗ്രൂപ്പുകളും യോഗം ചേർന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ പദ്ധതി രൂപീകരണത്തിൽ പങ്ക് വഹിക്കുകയോ ചെയ്തിരുന്നില്ല. ഇത് പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയമായിരുന്നു എന്നത് വ്യക്തമാക്കുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രകാരം 2020-21 വർഷം 246പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർബജറ്റ്പ്രകാരം 257 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 188 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 110 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 42040 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു 623 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി നീർത്തടാധിഷ്ടിത പ്രവൃത്തികൾ അടങ്ങുന്ന പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. വാർഷിക കണക്ക് പ്രകാരമുള്ള 2020-21വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16342416 | 16342416 | 16342416 | 0 |
| ഭരണ ചെലവുകൾ | 1913 | 544386 | 546299 | 536875 | 9424 |
| ആകെ | 1913 | 16886802 | 16888715 | 16879291 | 9424 |

തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2020-21 വർഷം കറുകച്ചാൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6840 | 15 |
| വാർദ്ധക്യകാലപെൻഷൻ | 27283900 | 2205 |
| കർഷകതൊഴിലാളി പെൻഷൻ | 3472600 | 233 |
| വിധവാപെൻഷൻ | 10523400 | 796 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 404100 | 29 |
| വികലാംഗപെൻഷൻ | 3225600 | 229 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ചവർക്ക് 1,000/- രൂപ വീതം ഇൻസെന്റീവ് നൽകിയിട്ടുണ്ട്. 2020-21 വർഷം ഈയിനത്തിൽ 136000 രൂപ ചെലവഴിച്ചിട്ടുണ്ട് .

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 14/12/2021-ന് 03:00 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 28,067/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. . നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ 3 മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ജനവരി 2020 ന് ശേഷം അടുത്ത ഗ്രാമസഭായോഗം ചേരുന്നത് ഫെബ്രുവരി 2021നാണ്. ഇത് നിയമവിരുദ്ധമാണ്. കൂടാതെ കേരളപഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. നിയമപ്രകാരമുള്ള കാലയളവായ മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭ സംഘടിപ്പിക്കുവാൻ ജനപ്രതിനിധികളും ഭരണസമിതിയും ശ്രദ്ധപുലർത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02/09/2021 | 04/20 To 06/20 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ്ജനറലിന്റെ ഓഡിറ്റ് | 24/08/2017-28/08/2017 | 2012-13 മുതൽ 2016-17 വരെ | എൽ.ബി.എ (എച്ച്.ക്യൂ)II/8A-2623/17-18/85-86 തീയതി 19/06/2017 |

## 1-11-1 വസ്തുനികുതി നിർണ്ണയം -അപാകത

ഗ്രാമപഞ്ചായത്തിന്റെ അഞ്ചാം വാർഡിൽ യോഹന്നാൻ വർഗ്ഗീസ് എന്നയാളിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് (തറവിസ്തീർണ്ണം-1537 ച.മീ )262 F മുതൽ N വരെ കെട്ടിടനമ്പരുകൾ നൽകി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എഫ് .ജി എന്നീ കെട്ടിടങ്ങൾക്ക് 200 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമായ നിരക്കിലും എച്ച്(72 ച.മീറ്റർ ) ജി (72ച.മീറ്റർ ) എന്നീ കെട്ടിടങ്ങൾ ക്ക് 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമായ നിരക്കിലും ബാക്കി കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമായ നിരക്കിലുമാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. എച്ച്. ജി എന്നീ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കുന്നതിനും കെട്ടിടത്തിന്റെ ഉപയോഗക്രമം സംബന്ധിച്ച് വ്യക്തത വരുത്തി വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറി (നം. 28 )യുടെ മറുപടിയിൽ വസ്തുനികുതി പുനർനിർണ്ണയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. പരിശോധന നടത്തി കെട്ടിടത്തിന്റെ ഉപയോഗക്രമം സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും വസ്തുനികുതി പുന:നിർണ്ണയിച്ച് ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-11-2 ഒറ്റത്തവണ കെട്ടിടനികുതി അടച്ച രേഖയില്ലാതെ വസ്തുനികുതി നിർണ്ണയിച്ചു.

പുതിയ കെട്ടിങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തി കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും സ.ഉ (എം.എസ് ) നം.231 /15/ ത.സ്വ.ഭ.വ തീയതി 9/7/2015 പ്രകാരം 1975 ലെ കേരള കെട്ടിടനികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ചതിന്റെ

രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രമേ നമ്പർ അനുവദിച്ച് വസ്തുനികുതി ഈടാക്കാവൂ എന്ന് വ്യവസ്ഥ ചെയ്യുന്നു. ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം പ്രസ്തുത നിർദ്ദേശം പാലിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി (നം. )യുടെ മറുപടിയിൽ ഒറ്റത്തവണ കെട്ടിടനികുതി അടച്ച രസീത് ഹാജരാക്കുന്നുണ്ടെന്നറിയിച്ചിട്ടുണ്ട് .എന്നാൽ ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ ഒരു കെട്ടിടത്തിന് 482 /E ( തറവിസ്തീർണ്ണം -139.89 ച.മീ) എന്ന കെട്ടിടനമ്പർ നൽകി 2020-21 ഒന്നാം അർദ്ധവർഷം നികുതി നിർണ്ണയിച്ചപ്പോൾ മേൽപ്പറഞ്ഞ നിബന്ധന പാലിച്ചില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി (നം. )യുടെ മറുപടിയിൽ ഒറ്റത്തവണ കെട്ടിടനികുതി അടച്ച രസീത് ഹാജരാക്കാൻ കെട്ടിട ഉടമയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-11-3 വസ്തുനികുതി-കളക്ഷൻ സഞ്ചയ ,സാംഖ്യ എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ ,ബാലൻസ് തുകകൾ സഞ്ചയ ,സാഖ്യ എന്നിവയിൽ ചുവടെ ചേർക്കും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ | 6520654 | 5451258 | 1069396 |
| സാംഖ്യ | 6360136 | 5118701 | 1241435 |

കളക്ഷൻ തുകയിൽ ഇപ്രകാരം വ്യത്യാസം വരുന്നത് ക്രമപ്രകാരമല്ല. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

1-11-4 വസ്തുനികുതി -കുടിശ്ശിക അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷികധനകാര്യ പത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ 11,15,235/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-11-5 വസ്തുനികുതി പുന:നിർണ്ണയിച്ചു- ഓഡിറ്റ് ഇംപാക്ട്

ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ ശാന്തകുമാരി എസ് കെ എന്നയാളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 6/794/A എന്ന കെട്ടിടനമ്പർ നൽകി 108 ച.മീറ്റർ തറവിസ്തീർണ്ണത്തിന് 2020-21 ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ ,ഉടമസ്ഥൻ സമർപ്പിച്ച ഫാറം രണ്ടിലുള്ള വസ്തുനികുതി നിർണ്ണയ റിട്ടേൺ എന്നിവ പ്രകാരം തറവിസ്തീർണ്ണം 117.86 ച.മീറ്ററാണ്. തറവിസ്തീർണ്ണം കുറവായി വസ്തുനികുതി നിർണ്ണയിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി (നം.28 )നൽകിയതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പുന:നിർണ്ണയിച്ച് ഈടാക്കി രേഖകൾ ഹാജരാക്കിയിട്ടുണ്ട്. വസ്തുനികുതി നിർണ്ണയത്തിൽ കേരള പഞ്ചായത്ത് വസ്തുനികുതി (സേവനഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-12-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (I) (Ii) (Iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരുവ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്.ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന

തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ചങ്ങനാശ്ശേരി താലൂക്ക് സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് | രണ്ട് |
| 2 | ചമ്പക്കര സർവീസ് സഹകരണബാങ്ക് ,കറുകച്ചാൽ | രണ്ട് |
| 3 | ചമ്പക്കര സർവീസ് സഹകരണബാങ്ക് ,ആശ്രമം പടി | രണ്ട് |
| 4 | ചമ്പക്കര സർവീസ് സഹകരണബാങ്ക് , ശാന്തിപുരം | രണ്ട് |
| 5 | മുത്തൂറ്റ് മൈക്രോഫിൻ | ഒന്ന് ,രണ്ട് |

സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ (നമ്പർ- 25/21.12.21) മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-12-2 തൊഴിൽ നികുതി കുടിശ്ശിക അവശേഷിക്കുന്നു.

2020-21 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം തൊഴിൽ നികുതി ഇനത്തിൽ 18500/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. ടി തുക ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ (നം. 25/21.12.21) മറുപടിയിൽ 12200/- രൂപ ഈടാക്കിയതായി വ്യക്തമാക്കിയിട്ടുണ്ട്. ബാക്കി തുക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-13 വാടക 675223 രൂപ ഈടാക്കാൻ അവശേഷിക്കുന്നു

2020-21 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾ വാടക കൃത്യമായി ഒടുക്കുവരുത്താതെ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു. വാടക കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മുറിയുടെ നമ്പർ | വാടകക്കാരന്റെ പേര് | 2020-21 ലെ കുടിശ്ശിക | 2019-20 വരെയുള്ള കുടിശ്ശിക |
|---|---|---|---|---|
| 1 | MCF 2 Floor | പ്രീത് മാത്യു | 10932 | |
| 2 | MCF 2 Floor | ജോർജി വർഗ്ഗീസ് | 1266 | |
| 3 | മാർക്കറ്റ് റൂം 7 | സന്തോഷ് | 12446 | |
| 4 | മാർക്കറ്റ് റൂം 8 | ജോർജ് കുട്ടി | 10180 | |
| 5 | മങ്കുടിപടി വെയിറ്റിംഗ് ഷെഡ് | ഏലിയാമ്മ | 1196 | |
| 6 | മാർക്കറ്റ് റൂം 20 | വാസു രാമൻ | 3418 | |

| | | | | |
|---|---|---|---|---|
| 7 | മാർക്കറ്റ് റൂം 22 | രാമാനുജൻ | 13232 | |
| 8 | ബസ് സ്റ്റാന്റ് റൂം -1 | ഹനീഷ് എ | 18375 | |
| 9 | ബസ് സ്റ്റാന്റ് റൂം -2 | ഷാജുമോൻ കെ എം | 14700 | |
| 10 | ബസ് സ്റ്റാന്റ് റൂം | കുര്യൻ ഐസക് | 7350 | |
| 11 | ബസ് സ്റ്റാന്റ് റൂം -5 | അനുമോൾ ഷാജി | 14700 | |
| 12 | ബസ് സ്റ്റാന്റ് റൂം -4 | രാഘവ കൈമൾ | 14700 | |
| 13 | സബ് രജിസ്റ്റാർ ഓഫീസ് | സബ് രജിസ്റ്റാർ ഓഫീസർ | 16644 | 38836 |
| 14 | അസി.എഞ്ചിനീയർ(PWD) | അസി.എഞ്ചിനീയർ | 8328 | 20252 |
| 15 | എ.ഇ.ഒ ഓഫീസ് | എ.ഇ.ഒ | 24852 | 74556 |
| 16 | സബ് ട്രഷറി ഓഫീസ് | സബ് ട്രഷറി ഓഫീസർ | 27528 | 341732 |
| | ആകെ | | 199847 | 475376 |

കൂടാതെ 2012-13 മുതൽ മേൽ സൂചിപ്പിച്ച ക്രമനം 13മുതലുള്ള സർക്കാർ ഓഫീസുകളിലെ മുറികളുടെ വാടക ഒരേ നിരക്കിൽ വർദ്ധനവ് വരുത്താതെ തുടരുന്നതായും മുൻകാല രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും ബോധ്യമാകുന്നു . ഈ വിഷയം അടിസ്ഥാനമാക്കി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 01/21 തീയതി-16/12/21 ) മേൽ സൂചിപ്പിച്ച പട്ടികയിൽ പരാമർശിച്ചിട്ടുള്ള വ്യക്തികളിൽ നിന്നും വാടക കുടിശ്ശിക ഈടാക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കുന്നതാണെന്നും മേൽ സൂചിപ്പിച്ച പട്ടികയിലെ സർക്കാർ ഓഫീസുകളുടെ വാടക PWD അസിസ്റ്റന്റ് എഞ്ചിനീയർ പുതുക്കിനിശ്ചയിക്കുന്നതിലേക്ക് പ്രസ്തുത സർക്കാർ ഓഫീസുകൾക്ക് അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും മറുപടി നൽകി . സബ് രജിസ്റ്റാർ ഓഫീസിന്റെ വാടക 01/12/13 മുതൽ 30/11/18 വരെ പഴയ നിരക്കിൽ ഈടാക്കാൻ കമ്മിറ്റി തീരുമാനം ( 24/01/19 ലെ 15(5) ) എടുത്തതായും മറുപടി നൽകി . എന്നാൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ ഇത്തരത്തിൽ തീരുമാനം എടുത്തത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല .

മേൽ സൂചിപ്പിച്ച പട്ടികയിലേത് ഉൾപ്പെടെ വാടക കുടിശ്ശിക വരുത്തിയ എല്ലാ വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക ഈടാക്കാൻ കർശ്ശന നടപടി സ്വീകരിച്ച് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് . കൂടാതെ മേൽ സൂചിപ്പിച്ച പട്ടികയിലെ സർക്കാർ ഓഫീസുകളുടെ വാടക പുതുക്കി നിശ്ചയിക്കുന്നതിനായി ഓഫീസ് തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ് .ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1. വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 1714 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,ഷോപ്പുകൾ,ഗോഡൗൺ | 1364 |

| | | |
|---|---|---|
| 2 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,ഷോപ്പുകൾ,ഗോഡൗൺ | 99 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ | 1 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ | 63 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ,പെട്ടിക്കടകൾ,കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷൻ | 24 |
| 6 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറിഷെഡ്, കയർപിരി ഷെഡ് | 114 |
| 7 | ഇതരവ്യവസായങ്ങൾക്കാവശ്യമുള്ളവ | 49 |
| | ആകെ | 1714 |

കൂടാതെ പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾ , റേഷൻ കടകൾ ,ക്ഷീരോൽപ്പാദക സംഘങ്ങൾ (ഒന്ന് ഒഴികെ ) തുടങ്ങിയവയിൽ നിന്നും 2020-21ൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല . ലൈസൻസ് രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷം ലൈസൻസെടുത്ത് പ്രവർത്തിച്ച സ്ഥാപനങ്ങൾ 475 എണ്ണം മാത്രമാണ്. സഞ്ചയയിലെ കണക്കു പ്രകാരം 84 കെട്ടിടങ്ങൾ മാത്രമാണ് പഞ്ചായത്ത് പരിധിയിൽ തൻവർഷം വേക്കൻസി റമിഷന് അപേക്ഷിച്ചിട്ടുള്ളത്. ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെയും കണക്കുകൾ തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു.അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (03/16.12.2021) വാണിജ്യാ ആവശ്യത്തിനായി നിർമ്മിച്ച ഒട്ടേറെ കെട്ടിടങ്ങൾ അടഞ്ഞ് കിടക്കുന്നുണ്ടെന്നും ലൈസൻസില്ലാതെ പ്രവൃത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾ കണ്ടെത്തി ലൈസൻസ് എടുക്കുന്നതിന് നോട്ടീസ് നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾ , റേഷൻ കടകൾ ,ക്ഷീരോൽപ്പാദക സംഘങ്ങൾ തുടങ്ങിയവയേയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ് . കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

1-15 ലേലതുകയിൽ നിന്ന് ജി എസ് റ്റി ഈടാക്കിയില്ല

കറുകച്ചാൽ പഞ്ചായത്തിന്റെ ബസ് സ്റ്റാന്റിൽ ബസ്സുകളിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള 2020-21 വർഷത്തേക്കുള്ള അവകാശം ലേലത്തിലൂടെ ലഭിച്ച ശ്രീ. ബിജു തോമസ് , വടക്കേപറമ്പിൽ , ചമ്പക്കര എന്ന വ്യക്തിയിൽ നിന്ന് ലേലതുക ഈടാക്കിയിട്ടുണ്ടെങ്കിലും ലേലതുകയുടെ ജി എസ് റ്റി ഈടാക്കിയില്ല . വിശദ വിവരം ചുവടെ ചേർക്കുന്നു .

| | |
|---|---|
| ലേലം നടന്ന തീയതി | 16/03/2020 |

| | |
|---|---|
| അംഗീകാരം ലഭിച്ച കമ്മിറ്റി തീരുമാനം | 17/03/2020 ലെ 10(1) നമ്പർ കമ്മിറ്റി തീരുമാനം |
| ലേലതുക | 385000 |
| പഞ്ചായത്തിൽ അടവാക്കേണ്ടിയിരുന്ന തുക | 454300 ( 18 % ജി എസ് റ്റി ഉൾപ്പെടെ ) |
| അടവാക്കിയ തുക | 385000 |
| അടവാക്കാനുള്ള തുക | 69300. |

ഫയൽ പരിശോധിച്ചതിൽ ലേല നോട്ടീസിൽ പ്രതിപാദിച്ചത് പോലെ 200 രൂപ മുദ്ര പത്രത്തിൽ മതിയായ ജാമ്യത്തോടുകൂടി ഉടമ്പടി വച്ചതായും കാണുന്നില്ല . ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.01/16.12.2021) ബാക്കി തുക ഈടാക്കാൻ ലേലക്കാരന് കത്ത് നൽകുന്നതാണെന്ന് മറുപടി നൽകി. കർശനമായും ലേലം കൊള്ളുന്നയാളിൽ നിന്നും മുദ്ര പത്രത്തിൽ മതിയായ ജാമ്യത്തോടുകൂടിയ ഉടമ്പടി വയ്ക്കുവാൻ ഓഫീസ് തലവൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് . ബാക്കി തുക കൂടി ഈടാക്കി ജി എസ് റ്റി തുക സർക്കാരിൽ ഒടുക്കു വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

1-16-1 റെഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല

താഴെപ്പറയുന്ന കെട്ടിടത്തിൽ നിന്നും ആവശ്യമായ റെഗുലറൈസേഷൻ ഫീസ് ഈടാക്കിയതായി രജിസ്റ്ററിലോ, ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല . വിശദമായ പരിശോധനയിൽ റെഗുലറൈസേഷൻ ഫീസ് ഒടുക്കാതെ തന്നെ കെട്ടിടത്തിന് നമ്പർ അനുവദിച്ചതായി കണ്ടെത്തി . വിശദ വിവരം ചുവടെ ചേർക്കുന്നു .

| ഉടമയുടെ പേര് | ഫയൽ നം., | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം | ഈടാക്കേണ്ടിയിരുന്ന റെഗുലറൈസേഷന് ഫീസ് |
|---|---|---|---|---|
| യോഹന്നാൻ വർഗ്ഗീസ് | എ2-5398/2020 | വാണിജ്യാവശ്യം | 1537 | 30740 രൂപ ( 1537 *20) |

തുക ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കാൻ നൽകിയ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 24/21തീയതി-21/12/21 ) റെഗുലറൈസേഷൻ ഫീസ് അടവാക്കുന്നതിന് അറിയിപ്പ് നൽകിയതായി അറിയിച്ചു . റെഗുലറൈസേഷൻ ഫീസ് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

1-16-2 പെർമിറ്റ് സംബന്ധമായ അപാകതകൾ

2020-21 വർഷത്തിൽ 235 കെട്ടിടങ്ങൾ നിർമ്മിക്കാൻ പെർമിറ്റ് നൽകുകയും 34 കെട്ടിടങ്ങൾ ക്രമവത്ക്കരിച്ച് നൽകുകയും ചെയ്തു . ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിച്ച അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം , FSI എന്നിവ ഭൂരിഭാഗത്തിലും രേഖപ്പെടുത്തിയിട്ടില്ല .

2.കെട്ടിടങ്ങൾക്ക് പെർമിറ്റ് ലഭിച്ചതായോ അപേക്ഷ നിരസിച്ചതായോ രജിസ്റ്ററിൽ പലതിലും രേഖപ്പെടുത്തിയിട്ടില്ല.

3.കെട്ടിടങ്ങളിൽ നിന്നും ലഭിക്കേണ്ട പെർമിറ്റ് ഫീസ് ഈടാക്കിയതായി രജിസ്റ്ററിൽ ഭൂരിഭാഗത്തിലും രേഖപ്പെടുത്തിയിട്ടില്ല ( ഓരോ സന്ദർഭത്തിലും ഫയലുകളെ ആശ്രയിക്കേണ്ടതായി വരുന്നു )

4.ചില ഫയലുകളിൽ പോലും പെർമിറ്റ് ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല ( പെർമിറ്റ് ഫീസ് , റെഗുലറൈസേഷൻ ഫീ എന്നിവ ഈടാക്കിയോ എന്നറിയുവാൻ ഡേ ബുക്കിൽ സേർച്ച് ചെയ്യേണ്ടതായി വരുന്നു )

5.ക്രമവത്ക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ പ്രത്യേകം രജിസ്റ്ററിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും അവയിലും മേൽ സൂചിപ്പിച്ച പോലെ ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല

6.പെർമിറ്റ് നൽകിയ പണി പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

7. പെർമിറ്റ് അനുവദിച്ച സന്ദർഭങ്ങളിൽ ഭൂരിഭാഗത്തിലും സെക്രട്ടറി ഒപ്പ് വയ്ക്കുന്നില്ല

ഈ വിഷയം അടിസ്ഥാനമാക്കി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 24/21തീയതി-21/12/21 ) മേൽ സൂചിപ്പിച്ച അപാകതകൾ അടിയന്തിരമായി പരിഹരിക്കുന്നതാണെന്ന് അറിയിച്ചു . ഇനി മുതൽ മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് രജിസ്റ്ററുകൾ പരിപാലിക്കാൻ ഓഫീസ് മേധാവി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് .

1-17 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

കേരള ഫിനാഷ്യൽ കോഡ് വോള്യം 1ആർട്ടിക്കിൾ 282 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ ചട്ടം 79 പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ അക്കൗണ്ടിൽ നിന്ന് മാറാത്ത ചെക്കുകൾ എന്നിങ്ങനെയുള്ള തുകകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരിച്ചെടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് . എന്നാൽ ഈ പഞ്ചായത്ത് ഇത് കൃത്യമായി പാലിച്ചിട്ടില്ല എന്ന് രേഖകൾ പരിശോധിച്ചതിൽ നിന്ന് ബോധ്യമാകുന്നു .

വാർഷിക കണക്ക് B-7 ഷെഡ്യൂളിൽ വാടക ഡെപ്പോസിറ്റ് ഒഴികെ 1139101 രൂപ അവശേഷിക്കുന്നുണ്ട് . കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ ,അക്കൗണ്ടിൽ നിന്ന് മാറാത്ത ചെക്കുകൾ എന്നിങ്ങനെയുള്ള തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

1-18 ഇ—ടെണ്ടർ -ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തു പ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ്ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. 2020-21 വർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർ ഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നതും ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് / നം | ലഭിച്ച ടെൻഡറുകൾ | ടെൻഡർ ഫീസ് | ആകെ ടെൻഡർ ഫീസ് |
|---|---|---|---|---|
| 1 | CMLRRP-മഠത്തിനാൽപടി സി. സി നഗർ റോഡ് കോൺക്രീറ്റിംഗ് | 3 | 2240 | 6720 |
| 2 | CMLRRP-കുത്രപള്ളി - തെങ്ങോലിപടി റോഡ് കോൺക്രീറ്റിംഗ് | 6 | 2800 | 16800 |
| 3 | CMLRRP-കുത്രപള്ളി - തട്ടാരടി റോഡ് കോൺക്രീറ്റിംഗ് | 2 | 1350 | 2700 |
| 4 | CMLRRP-കുത്രപള്ളി - പാലമറ്റം റോഡ് റീടാറിങ്ങ് | 3 | 5600 | 16800 |

| | | | | |
|---|---|---|---|---|
| 5 | കറുകച്ചാൽ -തട്ടാരടി റോഡ് റീടാറിങ്ങ് | 2 | 1120 | 2240 |
| 6 | കാഞ്ഞിരത്തുങ്കൽ- തെങ്ങമറ്റം റീടാറിങ്ങ് | 1 | 1350 | 1350 |
| 7 | ടേക്ക് എ ബ്രേക്ക് കറുകച്ചാൽ ബസ് സ്റ്റാൻഡിലെ കംഫർട്ട് സ്റ്റേഷൻ നവീകരണം | 1 | 2240 | 2240 |
| 8 | പഞ്ചായത്ത് ജൂബിലി ഷോപ്പിങ് കോംപ്ലക്സ് നവീകരണം | 1 | 2240 | 2240 |
| 9 | വിവിധ ഘടക സ്ഥാപന ഓഫീസുകളുടെ അറ്റകുറ്റപ്പണി | 1 | 1240 | 1240 |
| ആകെ | | | | 52330 |

2020-21വർഷം ഇ-ടെൻഡർ ഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ചിട്ടുള്ള തുക ടി അക്കൗണ്ടിൽനിന്നും തിരികെ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്കും ജി.എസ്.റ്റി. ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്കും അടവാക്കേണ്ടതുമാണ്.

1-19 76.2 ലക്ഷം ചെലവഴിച്ച് ടാക്സി സ്റ്റാന്റ് സ്ഥലമെടുപ്പ് -25.25 ലക്ഷം ചെലവഴിച്ച് കംഫർട്ട് സ്റ്റേഷൻ നിർമ്മാണം-സ്ഥലം അധീനതയിലാക്കൽ അനിശ്ചിതത്വത്തിൽ

കറുകച്ചാൽ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 10/01/2007 ലെ 8(2)-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്ത് ഒരു ടാക്സി സ്റ്റാൻറ് നിർമ്മിക്കുന്നതിനുള്ള സ്ഥലം അക്വയർചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. കറുകച്ചാൽ ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിലെ 434/3-2 -ാം നമ്പർ സർവ്വേയിൽ ഉൾപ്പെട്ട 0.22 ഹെക്ടർ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചിരുന്നു. ടി തീരുമാനത്തിന് 21/02/2008 -ലെ സ.ഉ (സാ.ധാ) നം.551/2008 തസ്വഭവ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകുകയും ചെയ്തു. ലാന്റ് അക്വിസിഷൻ വകുപ്പ് നിർദ്ദേശപ്രകാരം ടി സ്ഥലത്തിന്റെ വിലയായി 76,20,322/- രൂപ 24/04/2010- ൽ 191-ാം നമ്പർ ചെല്ലാൻ മുഖാന്തിരം എൽ.എ.സ്പെഷ്യൽ തഹസിൽദാർക്ക് ഒടുക്കുകയും ചെയ്തു. 6.5.2013 ൽ റവന്യൂ വകുപ്പ് മഹസർ തയ്യാറാക്കി ടി സ്ഥലം പഞ്ചായത്തിന് കൈമാറിയിരുന്നു. 2015-16 -ൽ 208/15-16 നമ്പർ പ്രോജക്ടിലൂടെ ടാക്സി സ്റ്റാൻഡ് നിർമ്മാണത്തിനായി പ്രോജക്ട് തയ്യാറാക്കുകയും 2525184/- രൂപ ചെലവഴിച്ച് കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുകയും ചെയ്തിരുന്നു.

എന്നാൽ സ്ഥലമുടമകളായ ശ്രീ. പുന്നൻ കുര്യൻ മുതൽപ്പേർസ്ഥലമേറ്റെടുക്കലിനെതിരായി WP(C)-19575/10) നമ്പരായി ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ഏറ്റെടുക്കൽ നടപടികളിലെ ക്രമ വിരുദ്ധത ചൂണ്ടിക്കാട്ടി റവന്യൂ വകുപ്പ് സ്വീകരിച്ച സ്ഥലമേറ്റെടുക്കൽ നടപടികൾ എല്ലാം റദ്ദാക്കുകയും ഉടമകൾക്കനുകൂലമായി ബഹു. ഹൈക്കോടതി 14.8.2017 ൽ വിധി പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ ഇതിനു മുൻപ് തന്നെ കേസിന്റെ വിധിയിലെ അപാകതകൾ ചൂണ്ടിക്കാട്ടി പഞ്ചായത്ത് ഹൈക്കോടതിയിൽ ഡിവിഷൻ ബഞ്ചിൽ അപ്പീലും റിവ്യൂ പെറ്റീഷനും ഫയൽ ചെയ്തിരുന്നുവെങ്കിലും പഞ്ചായത്തിന് പ്രതികൂലമായി മേൽ വിധി ശരി വയ്ക്കുകയാണുണ്ടായത്. നിലവിൽ ഹൈക്കോടതി റിവ്യൂ പെറ്റീഷനിലെ വിധിക്കെതിരെ ഗ്രാമപഞ്ചായത്ത് സുപ്രീം കോടതിയിൽ 17520/19 നമ്പരായി സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.





ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ടാക്സി സ്റ്റാന്റിനായി സ്ഥലം ഏറ്റെടുത്തതിലെ അപാകതകളും ടാക്സിസ്റ്റാന്റ് പ്രവർത്തനം ആരംഭിക്കാത്തതു സംബന്ധിച്ചും പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട് . 2016 ൽ 25ലക്ഷത്തിലധികം രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കിയ കംഫർട്ട് സ്റ്റേഷൻ ഉപയോഗശൂന്യമായി അവശേഷിക്കുന്നു. നിലവിൽ ടി സ്ഥലം കാടുപിടിച്ച് കിടക്കുകയാണ്. റവന്യൂവകുപ്പിന്റെ സ്ഥലം ഏറ്റെടുപ്പിലെ അപാകതമൂലം ഗ്രാമപഞ്ചായത്തിന് ഒരു കോടിയിലധികം രൂപ നഷ്ടമാവുന്ന സാഹചര്യം സംജാതമായിരിക്കുന്നു. സുപ്രീംകോടതി വിധിക്കനുസരണമായി തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 മിനിസിവിൽസ്റ്റേഷൻ കോംമ്പൗണ്ടിലെ പഞ്ചായത്ത് കെട്ടിടത്തിൽ ഒന്നാംനില നിർമ്മാണം - കെട്ടിടനിർമ്മാണം പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം &പേര് | 267/21മിനിസിവിൽസ്റ്റേഷൻ കോംമ്പൗണ്ടിലെ പഞ്ചായത്ത് വകകെട്ടിടത്തിൽ ഒന്നാംനില നിർമ്മാണം |
| അടങ്കൽ | 22,00,000/-(തനത് ഫണ്ട്) |
| ചെലവ് | 244704/-<br>ചെക്ക് നം3480811/29-3-21 |
| കരാറുകാരൻ | സന്തോഷ് കുമാർ |
| കരാർ നം | 115/AE/LSGD/KCHL/29-01-20 |

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മിനിസിവിൽസ്റ്റേഷൻ കോംമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ട്രഷറികെട്ടിടത്തിന്റെ മുകളിലായി കെട്ടിടം നിർമ്മിക്കുന്നതിനാണ് പ്രസ്തുത പ്രൊജക്റ്റിൽ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ കെട്ടിടത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ കോളം , ബീമുകൾ, ലിന്റൽ, സ്ലാബ്, സ്റ്റെപ് എന്നിവയുടെ റീഇൻഫോഴ്സ്ഡ് സിമെന്റ് കോൺക്രീറ്റ് വർക്ക് മാത്രമായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. 20-21 വർഷം കോളം നിർമ്മാണം മാത്രം പൂർത്തിയാക്കി ആദ്യ പാർട്ട് ബില്ലായി 244704/- രൂപ കരാറുകാരന് നൽകിയിരുന്നു. 21-22 വർഷം സ്പിൽ ഓവറായി പ്രൊജക്റ്റ് തുടരുകയും ബാക്കി തുക കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്.



സ.ഉ (കൈ)11/2018തസ്വഭവ തീയതി 29-1-18 പ്രകാരം ഒരു കെട്ടിട നിർമ്മാണപ്രോജക്റ്റ് തയ്യാറാക്കുമ്പോൾ ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിങ്ങ് ഉൾപ്പടെ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്റ്റിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്റ്റായി ഏറ്റെടുക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു.

എന്നാൽ പ്രസ്തുത നിർദേശങ്ങൾക്ക് വിരുദ്ധമായി റീഇൻഫോഴ്സ്ഡ് കോൺക്രീറ്റിങ്ങിന് മാത്രമായിട്ടാണ് ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. കെട്ടിടത്തിന്റെ രൂപരേഖസംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് യാതൊരു തീരുമാനവും ഇല്ലായിരുന്നു. ഇത് ശരിയായ നടപടിയല്ല. നിലവിൽ രണ്ടാം ഘട്ട പ്രോജക്റ്റിന്റെ ഭാഗമായി ബാക്കി പണികളുടെ ടെൻഡർ നടപടികൾ ആരംഭിച്ചതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കോളം, ബീമുകൾ എന്നിവയുടെ സ്ട്രക്ച്ചർ പണി മാത്രം പൂർത്തീകരിച്ചതും കെട്ടിടനിർമ്മാണപൂർത്തീകരണം ലക്ഷ്യം കൈവരിക്കാത്തതും മുൻനിർത്തി ഈയിനത്തിൽ ചെലവഴിച്ച 244704/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ ടെൻഡർ അംഗീകരിച്ചില്ല- നഷ്ടം 7795/-രൂപ

| | |
|---|---|
| പ്രൊജക്റ്റ് നം &പേര് | 92/21ഉമ്പിടി കോളനി റോഡിൽ ബാരിക്കേട് നിർമ്മാണം |
| അടങ്കൽ | 350000/-(SCP) |
| ചെലവ് | 323720/-<br>Bill No 115/26-3-21 |
| കരാറുകാരൻ | പ്രീത് മാത്യു |
| കരാർ നം | 59/AE/LSGD/KCHL/28-10-20 |

9/20 ൽ നടന്ന ടെൻഡറിൽ കരാറുകാരായ ശ്രീ വേണുകുമാർ, ശ്രീ പ്രീത് മാത്യു എന്നിവർ പങ്കെടുക്കുകയും എസ്റ്റിമേറ്റിനേക്കാൾ യഥാക്രമം 6.2 %, 3.6% കുറഞ്ഞ നിരക്കുകൾ ക്വാട്ട് ചെയ്ത് ടെൻഡർ സമർപ്പിക്കുകയും ചെയ്തിരുന്നു. 23/9/20 ന് തുറന്ന പ്രസ്തുത ടെൻഡറുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (6.2%)ശ്രീ വേണുകുമാറിന്റെ ടെൻഡർ അംഗീകരിച്ചതായി ടെൻഡർ രജിസ്റ്റർ പേജ് 26ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 14-10-20 ന് സെലക്ഷൻ നോട്ടീസ് നൽകിയിരിക്കുന്നത് ശ്രീ .പ്രീത് മാത്യുവിനാണ്. പ്രീത്

മാത്യൂ 28-10-20 ന് കരാറിലേർപ്പെടുകയും പ്രവർത്തി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് പ്രവർത്തി നൽകാത്തതുമൂലം താഴെപറയുന്ന നഷ്ടം സർക്കാർ ഫണ്ടിനുണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രവർത്തി മൂല്യം | 2,99,830/- |
| ടെൻഡർ കുറവ് ചെയ്തത് | 2,99,830/-x3.6%=10794/- |
| കുറഞ്ഞനിരക്ക് അംഗീകരിച്ചിരുന്നുവെങ്കിൽ കുറവ് ചെയ്യേണ്ടിയിരുന്നത് | 2,99,830/-x6.2%=18589.46/- |
| നഷ്ടമായ തുക | 7795/- |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം 16) മറുപടി ലഭ്യമാക്കിയില്ല. കുറഞ്ഞ ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് കമ്മറ്റി തീരുമാനവും ലഭ്യമാക്കിയിരുന്നില്ല. കുറഞ്ഞടെൻഡർ അംഗീകരിക്കാത്തതുമൂലം നഷ്ടമായ 7795/- രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

1- 22 കുടിവെള്ള പദ്ധതികൾ -പൂർത്തീകരിച്ചില്ല- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

1. ചമ്പക്കര കുടിവെള്ള പദ്ധതി

| | |
|---|---|
| പ്രൊജക്റ്റ് നം &പേര് | 196/21ചമ്പക്കര കുടിവെള്ളപദ്ധതി രണ്ടാം ഘട്ടം |
| അടങ്കൽ | 726349/-(SCP) |
| ചെലവ് | 559315/-<br>Bill No 33/13-5-20 &75/2-11-20 |
| കരാറുകാരൻ | ജേക്കബ് കുരുവിള |
| കരാർ നം | 96/AE/LSGD/KCHL/06-12-18 |

പ്രൊജക്റ്റ് നം 196/21 ചമ്പക്കര കുടിവെള്ളപദ്ധതി രണ്ടാം ഘട്ടം എന്ന പ്രൊജക്റ്റ് 2018-19 വർഷം ആസൂത്രണം ചെയ്ത പ്രൊജക്റ്റായിരുന്നു. വാഴൂർ ബ്ലോക്ക് പഞ്ചായത്ത് നിർമ്മാണം നടത്തിയ കുളം ഉപയോഗപ്പെടുത്തി കുടിവെള്ള പദ്ധതി പൂർത്തീകരണം എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയതായിരുന്നു ഇത്. പമ്പ് ഹൗസ്, പമ്പിങ്ങ് മെയ്ൻ, ഇലക്ട്രിഫിക്കേഷൻ എന്നിവ ബ്ലോക്ക്പഞ്ചായത്ത് പ്രോജക്ടായി നടപ്പാക്കുന്നതാണെന്നും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത പ്രൊജക്റ്റ് പ്രകാരം ടാങ്ക് ബേസ്, 10000 ലിറ്റർ കപ്പാസിറ്റിയുള്ള രണ്ട് പിവിസി ടാങ്കുകൾ എന്നിവ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിരുന്നു. ഒന്നിലധികം സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുമ്പോൾ പ്രോജക്ടിന്റെ മുഖ്യപങ്കാളിയാകുന്ന സ്ഥാപനം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി മറ്റ് പങ്കാളികൾ വിഹിതം കൈമാറുന്ന രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണമെന്നും തദ്ദേശ ഭരണസ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിന് മുമ്പ് ഒരു കരാറിൽ ഏർപ്പെടണമെന്നും സ.ഉ.(കൈ)നം11/2018/തസ്വഭവ തീയതി 29-01-18 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രൊജക്റ്റിൽ ഒരു വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നില്ലായെന്ന് കാണുന്നു. വിതരണ പൈപ്പുകൾ, പമ്പ് സെറ്റ്, എന്നിവ സ്ഥാപിക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കിയിട്ടില്ല. പ്രൊനം 172/21 നമ്പരായ പ്രൊജക്റ്റ് പ്രകാരം കുറച്ച് ഭാഗത്ത് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ നടത്തിയിരുന്നു. സ.ഉ.(കൈ)നം11/2018/തസ്വഭവ തീയതി 29-01-18 പ്രകാരം കുടിവെള്ളപദ്ധതികൾ രൂപീകരിക്കുമ്പോൾ പരമാവധി ഗുണഭോക്തൃവിഹിതം സമാഹരിച്ച് വകയിരുത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. പ്രസ്തുത പ്രൊജക്റ്റിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കപ്പെട്ടില്ല. പമ്പ് ഹൗസ് , പമ്പ് സെറ്റ്, പമ്പിങ്ങ് മെയിൻ, ഇലക്ട്രിഫിക്കേഷൻ എന്നിവ

പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്ത് ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 18/20.12.21) മറുപടി ലഭ്യമാക്കിയിരുന്നില്ല. പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ തൻവർഷം ചെലവഴിച്ച 559315/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻചെയ്ത് ഗുണഭോക്തൃസമിതിയ്ക്ക് കൈമാറി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. കുന്നപ്പള്ളി കുടിവെള്ള പദ്ധതി

| | |
|---|---|
| പ്രൊജക്റ്റ് നം &പേര് | 195/21 കുന്നപ്പള്ളി കുടിവെള്ള പദ്ധതി |
| അടങ്കൽ | 311236/-(SCP) |
| ചെലവ് | 305231/-<br>Bill No 32/13-5-20 |
| കരാറുകാരൻ | പ്രീത് മാത്യു |
| കരാർ നം | 86/AE/LSGD/KCHL/06-12-18 |

2018-19 വർഷം ആസൂത്രണം ചെയ്ത പ്രസ്തുത പ്രൊജക്റ്റ് പ്രകാരം പമ്പ് ഹൗസ് നിർമ്മാണം, വാട്ടർടാങ്ക് നിർമ്മാണം എന്നിവ നടപ്പാക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. ഇതിൽ പമ്പ് ഹൗസ് ഒഴിവാക്കി വാട്ടർ ടാങ്ക് നിർമ്മാണം മാത്രമേ പ്രസ്തുത പ്രൊജക്റ്റ് പ്രകാരം പൂർത്തീകരിച്ചിരുന്നുള്ളൂ. പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കപ്പെട്ടില്ല. സ.ഉ.(കൈ)നം11/2018/തസ്വഭവ തീയതി 29-01-18 പ്രകാരം കുടിവെള്ളപദ്ധതികൾ രൂപീകരിക്കുമ്പോൾ പരമാവധി ഗുണഭോക്തൃവിഹിതം സമാഹരിച്ച് വകയിരുത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. പമ്പ് ഹൗസ് , പമ്പ് സെറ്റ്, പമ്പിങ്ങ് മെയിൻ, ഇലക്ട്രിഫിക്കേഷന്, വിതരണപൈപ്പ് ലൈൻ എന്നിവ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്ത് ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം18/20.12.21) മറുപടി ലഭ്യമാക്കിയിരുന്നില്ല. പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ തൻവർഷം ചെലവഴിച്ച 305231/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻചെയ്ത് ഗുണഭോക്തൃസമിതിയ്ക്ക് കൈമാറി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-23 കരാർ വയ്ക്കാൻ വന്ന കാലതാമസം- നിയമാനുസൃത പിഴ ഈടാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നം &പേര് | 90/21 ഉമ്പിടി ഹെൽത്ത് സെന്റർ മെയിന്റനൻസ് |
| അടങ്കൽ | 4,00,000/- |
| ചെലവ് | 331065/- |
| കരാറുകാരൻ | പ്രീത് മാത്യു |
| കരാർ നം | 77/AE/LSGD/KCHL/11-01-21 |

പ്രസ്തുത പ്രൊജക്റ്റിനായി ലഭിച്ച രണ്ട് ടെൻഡറുകൾ ടെൻഡർ രജിസ്റ്റർ പേജ് 33പ്രകാരം 27-10-20 ന് തുറന്ന് പരിശോധിച്ചിരുന്നു. അംഗീകരിച്ച കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചതായി കാണുന്നില്ല. കരാർ വച്ചത് ശ്രീ. പ്രീത് മാത്യു എന്ന കരാറുകാരനാണ്. 27-10-20 ന് ടെൻഡർ അംഗീകരിച്ചിരുന്നുവെങ്കിലും കരാർ വച്ചത് 11-1-21ന് മാത്രമാണ്. കേരളപൊതുമരാമത്ത് മാന്വൽ പാര 2009.6പ്രകാരം ടെൻഡർ അംഗീകരിച്ച് 7ദിവസത്തിനകം സെലക്ഷൻ നോട്ടീസ് അയച്ച് കരാറുകാരനെ വിവരം അറിയിക്കണമെന്നും 14ദിവസത്തിനകം കരാർ വയ്ക്കണമെന്നും വ്യവസ്ഥചെയ്യുന്നു. 14 ദിവസത്തിന് ശേഷം പിഎസി യുടെ 1%പിഴ ഈടാക്കി 10ദിവസം വരെ കരാർ വയ്ക്കാമെന്ന് വ്യവസ്ഥചെയ്യുന്നു. ഇവിടെ ടെൻഡർ അംഗീകരിച്ചതിന് ശേഷം 2മാസത്തിലേറെ ദിവസത്തിന് ശേഷമാണ് കരാർ ഉറപ്പിച്ചത്. നിയമാനുസൃത പിഴ ഈടാക്കാത്ത(356967x 1%=3570/-)തിന്

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം17/20.12.21) മറുപടി ലഭ്യമാക്കിയിരുന്നില്ല. നിയമാനുസൃതം ഈടാക്കേണ്ട പിഴ തുകയായ 3570/-രൂപ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-24 ബാരൽ വില തനത് ഫണ്ടിൽ സൂക്ഷിക്കുന്നു- സർക്കാർ ഫണ്ടിന് നഷ്ടം

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (238+18% GST) കിഴിച്ചുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത് . ബാരൽ വില പിൻവലിച്ച് Sale Of Empties & Waste Material എന്ന ശീർഷകത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ സർക്കുലർ നം.59827/എഫ്എം/07/തസ്വഭവ/30.10.07 പ്രകാരം പ്രവർത്തി ചെയ്യാൻ തുക ഏത് ഫണ്ടിൽ നിന്നാണോ ചെലവഴിച്ചത് ആ ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ്എന്ന് വ്യക്തമാക്കിയിരുന്നു. ഗ്രാമപഞ്ചായത്തിൽ 2020-21 വാർഷികകണക്കുകൾ പ്രകാരം Sale Of Empties & Waste Material എന്ന ശീർഷകത്തിൽ 32804/-രൂപ വരവുണ്ട്. വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം ഉപയോഗിച്ച് ചെയ്ത റോഡ് ടാറിങ്ങ് പ്രവർത്തികളിൽ നിന്ന് ഈടാക്കിയ ബാരൽ വില പൂർണ്ണമായും തനത് ഫണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. ബാരൽ വില ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് അടവാക്കിയിരുന്നോയെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം31/22.12.21)മറുപടി ലഭ്യമാക്കിയിരുന്നില്ല. ടി തുക കൃത്യമായി കണക്കാക്കി സർക്കാരിലേക്ക് അടവ് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-25 ആസ്തി പരിപാലനം- നടപടികൾ ഫലപ്രദമല്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ പരിപാലിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ ഉൾപ്പെടുത്തിയ അസറ്റ് മാനേജ്മെന്റ് മാന്വല് സർക്കാർ ഉത്തരവ് (ആർ റ്റി) 166/2017 എൽ.എസ്.ജി.ഡി തീയതി 20-1-2017 പ്രകാരം നിലവിൽ വന്നിട്ടുണ്ട് . ടി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിൽ ആസ്തി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിരുന്നുവെങ്കിലും മറ്റ് നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിരുന്നില്ല. 2-12-19 തീയതിയിൽ യോഗം ചേർന്നതൊഴിച്ചാൽ മറ്റ് യാതൊരു പ്രവർത്തനങ്ങളും നടത്തിയി ആസ്തികളിടെ പ്രതിമാസ,അർദ്ധവർഷ,വാർഷിക അവലോകനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിരുന്നില്ല. കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിരുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ലായെന്ന് കാണുന്നു. ആസ്തി പരിപാലനത്തിനായി സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-26 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല.

പ്രോജക്റ്റ് നമ്പർ- 230/21

അടങ്കൽ =250000/-(തനത് ഫണ്ട് )

ചെലവ് -238005/ (*ചെക്ക് നമ്പർ-3480801/*27.03.2021 )

2020-21 വർഷം സെക്രട്ടറി നിർവഹണം നടത്തിയ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്റ്റ് പ്രകാരം 238005 /– രൂപ 5 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും (പ്രഫോർമ ഇൻവോയിസ് നമ്പർ 22424,തുക 198985/-രൂപ ) 1 ലാപ് ടോപ്പും (പ്രഫോർമ ഇൻവോയിസ് നമ്പർ 22425 ,തുക 39020/- രൂപ )വാങ്ങുന്നതിന് കെൽട്രോണിന് നൽകിയിട്ടുണ്ട് .നാളിതുവരെ കമ്പ്യൂട്ടറുകൾ ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.13) മറുപടിയിൽ സാങ്കേതികകാരണങ്ങളാൽ കെൽട്രോൺ സാധനങ്ങൾ സപ്ലൈ ചെയ്തിട്ടില്ലെന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച്

ഉപകരണങ്ങൾ ലഭ്യമാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. കമ്പൂട്ടറുകൾ ലഭിച്ചിട്ടാത്തതിനാൽ 238005/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-27 ഹരിത സഹായസ്ഥാപനത്തിന് തുക അടവാക്കൽ -വിശദാംശങ്ങൾ ലഭ്യമല്ല.

2020-21 വർഷം സെക്രട്ടറി നിർവഹണം നടത്തിയ ഹരിത കർമ്മ സേനയെ സജ്ജമാക്കൽ (പ്രോജക്ട് നം. 217/21 ) പ്രോജക്ട് പ്രകാരം 78,822/- രൂപയും ഹരിത സഹായസ്ഥാപനത്തിന് തുക അടവാക്കൽ (പ്രോജക്ട് നം. 157/21 ) പ്രോജക്ട് പ്രകാരം 208368/- രൂപയും ഐ.ആർറ്റി സി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. . സ്ഥാപനവുമായുള്ള കരാർ പ്രകാരം ഐ.ആർറ്റി സി എന്ന സ്ഥാപനം ചെയ്യേണ്ട പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിലില്ല. സ്ഥാപനം ചെയ്യേണ്ട പ്രവർത്തനങ്ങൾ കൃത്യമായി ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കിയതിന് ശേഷം തുക നൽകാൻ ശ്രദ്ധിക്കേണ്ടതും രണ്ട് വർഷങ്ങളിലായി ഹരിതസഹായസ്ഥാപനത്തിന്റെ സഹായത്താൽ ഹരിതകർമ്മ സേന ആർജ്ജിച്ച പ്രവർത്തനപുരോഗതി വിലയിരുത്തേണ്ടതുമാണ്. ഹരിതസഹായസ്ഥാപനം നടത്തിയ പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

1-28 ഹരിത കർമ്മ സേനക്ക് കരുത്തേകൽ - ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നം. 10/21

അടങ്കൽ - 250000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ് - 176000/- (1,00,000/- 30/11.11.2020, 50,065/- 44/9.3.2021, 25935/- -50/29.3.21 )

2020-21 വർഷം സെക്രട്ടറി നിർവഹണം നടത്തിയ ഹരിത കർമ്മ സേനക്ക് കരുത്തേകൽ -ക്ളീൻ കോട്ടയം, ഗ്രീൻ കോട്ടയം എന്ന പ്രോജക്ട് പ്രകാരം 176000/- രൂപ ഹരിത കർമ്മ സേനയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഹരിതകർമ്മസേന കാര്യക്ഷമമായി പ്രവർത്തിക്കുന്നു എങ്കിലും യൂസർഫീസ് ലഭ്യതക്കുറവുകൊണ്ട് ഹരിതകർമ്മസേനയ്ക്ക് കൈത്താങ്ങായി യൂസർഫീസുൾപ്പെടെ 2500/ -രൂപ വരുമാനം മാസം സേനാംഗങ്ങൾക്ക് ലഭ്യമാക്കു ന്നതിന് ആവിഷ്കരിച്ച ഈ പ്രോജക്ടിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം സൂക്ഷമായി പരിശോധിച്ച് ആവശ്യമെങ്കിൽ മാത്രമെ ഈ ഫണ്ടിൽ തുക ചെലവഴിക്കാൻ പാടുള്ളു എന്നും പ്രോജക്ടിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ മേൽപ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിച്ചതിന്റെ വിവരം, തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ , യൂസർ ഫീസ് ലഭിച്ചതിന്റെ വിവരങ്ങൾ, മോണിട്ടറിംഗ് റിപ്പോർട്ട് മുതലായവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-29 തെരുവ് വിളക്ക് പരിപാലനം- നടപടിക്രമങ്ങൾ പാലിക്കുന്നില്ല

1)2020-21 വർഷം സെക്രട്ടറി നിർവഹണം നടത്തിയ തെരുവ് വിളക്ക് മെയിന്റനൻസ് , ഉപകരണങ്ങൾ വാങ്ങൽ (പ്രോജക്ട് നം. -156/21 ) പ്രോജക്ട് പ്രകാരം 330570 /- രൂപയുടെ ഉപകരണങ്ങൾ ഹന്ന ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. സ്ഥാപനവുമായുള്ള കരാർ ,വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും ,കെഎസ് ഇ ബിയുടെ അനുമതി ലഭിച്ചതിന്റെയും ,സ്ഥാപിച്ചതിന്റെയും വിശദാംശങ്ങൾ. മോണിട്ടറിംഗ് റിപ്പോർട്ട് മുതലായവ ലഭ്യമാക്കേണ്ടതാണ്.

2)2020-21 വർഷം സെക്രട്ടറി നിർവഹണം നടത്തിയ പുതിയ സ്ട്രീറ്റ് ലൈനിൽ സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ ,സ്ഥാപിക്കൽ (പ്രോജക്ട് നം. -9/21 ) പ്രോജക്ട് പ്രകാരം 281249 /- രൂപയുടെ ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിന് വിനോദ് ടി കെ എന്നയാളിന് തുക നൽകിയിട്ടുണ്ട്. കെഎസ് ഇ ബിയുടെ അനുമതി ലഭിച്ചതിന്റെയും വാങ്ങിയ ഉപകരണങ്ങൾ എല്ലാം സ്ഥാപിച്ചതിന്റെയും വിശദാംശങ്ങൾ ഫയലിലില്ല.

3)2020-21 വർഷം സെക്രട്ടറി നിർവഹണം നടത്തിയ തെരുവ് വിളക്ക് മെയിന്റനൻസ് (പ്രോജക്ട് നം.

-5/21 ) പ്രോജക്ട് പ്രകാരം 199200 /- ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം ജയൻ സി.എസ് എന്നയാൾ അറ്റകുറ്റപ്പണി നടത്തുന്നതിന് കെഎസ് ഇ ബിയുടെ അനുമതി ലഭിച്ചതായി കാണുന്നില്ല. തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട രജിസ്റ്റർ പൂർണ്ണമായ രേഖപ്പെടുത്തലോട് കൂടി സൂക്ഷിക്കേണ്ടതും ,കെഎസ് ഇ ബി യുടെ അനുമതി ലഭ്യമാക്കി പ്രവൃത്തി നടപ്പാക്കേണ്ടതും കൃത്യമായ മോണിട്ടറിംഗ് നടത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതുമാണ്.

1-30 ആർജ്ജിതാവധി സേവനപുസ്തകത്തിൽ രേഖപ്പെടുത്തി ആധികാരികമാക്കാതെ ലീവ്സറണ്ടർ അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ കരാർ വ്യവസ്ഥയിൽ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ ചെയ്ത ഇനത്തിൽ ചുവടെ ചേർക്കുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ | തുക | തുക കൈപ്പറ്റിയ ജീവനക്കാർ |
|---|---|---|
| 22001313/31.3.21 | 15498/- | രാഹുൽ രമേഷ്, ടെക്നിക്കൽ അസിസ്റ്റന്റ് |
| 22001315 /31.3.21 | 12020/- | മഞ്ജുഷ.എം.നായർ ,ഓവർസിയർ , എൻ.ആർ.ഇ.ജി.എസ് |
| 22001316/31.3.21 | 12020/- | രാജേശ്വരി.എം.ആർ ,ഡേറ്റ എൻട്രി ഓപ്പറേറ്റർ എൻ.ആർ.ഇ.ജി.എസ് |

മേൽപ്പറഞ്ഞ ജീവനക്കാർക്കുവേണ്ടി സേവനപുസ്തകം സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയുടെ (നം.27) മറുപടിയിൽ ജീവനക്കാർക്ക് സേവന പുസ്തകം സൂക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പരിശോധനയിൽ ആർജ്ജിതാവധി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലെന്ന് വ്യക്തമാകുന്നു. സേവനപുസ്തകത്തിൽ രേഖപ്പടുത്താതെയും അവധികണക്കുകൾ തയ്യാറാക്കി ആധികാരികമാക്കാതെയും ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് അനുമതി നൽകുന്നത് ക്രമപ്രകാരമല്ല. ജീവനക്കാരുടെ സേവനവിവരങ്ങളും ആർജ്ജിതാവധി വിശദാംശങ്ങളും സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

1-31 പൊതു ടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2020-21 വർഷം പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 221 ടാപ്പുകൾക്കായി പ്രതിമാസം 96,688/- രൂപ ചെലവഴിക്കുന്നുണ്ട്. ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതിന്റെ ഫയലിൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധനാറിപ്പോർട്ട് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.26/21.12.21) മറുപടിയിൽ പൊതുടാപ്പുകളുടെ വെള്ളക്കരം കുറയ്ക്കുന്നതിലേക്ക് സംയുക്തപരിശോധന നടത്തുന്നതിനായി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-32 സമഗ്ര ശിക്ഷ കേരളം-വിനിയോഗ വിശദാംശമില്ല.

2020-21 വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ് .എസ്. എ പ്രോജക്ടിന് (പ്രോജക്ട് നം. 02/21 ) 3,00,000/-രൂപ (ബിൽ നമ്പർ -23/11.11.2020 )ജില്ല പ്രോജക്ട് ഓഫീസർ, എസ്.എസ്.കെ. കോട്ടയത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിരുന്നു. പ്രോജക്ട് നടപ്പിലാക്കിയതിന്റെ വിശദാംശങ്ങളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.. വിനിയോഗവിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 3,00,000/-രൂപ

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-33 മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു - 323400രൂപ തിരികെ ഈടാക്കണം

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു . എന്നാൽ കറുകച്ചാൽ ഗ്രാമ പഞ്ചായത്തിലെ 2020-21 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഗുണഭോക്താക്കളുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടു പോലും ഓഡിറ്റ് നടക്കുന്ന തീയതി വരേയും പെൻഷൻ സസ്പെന്റ് ചെയ്തിട്ടുമില്ല . വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | അമ്മിണി ഗോപാലൻ് | കർഷക തൊഴിലാളി പെൻഷൻ | 105550100425 | 20/12/19 | 06/01/20 | 01/20 മുതൽ 11/21 വരെ | 33000 |
| 2. | ചെല്ലപ്പൻ.എം.കെ | വാർദ്ധക്യ പെൻഷൻ75 | 105550201062 | 06/02/20 | 24/02/20 | 03/20 മുതൽ 11/21 വരെ | 32300 |
| 3 | ചെല്ലപ്പൻ കെ കെ | വാർദ്ധക്യ പെൻഷൻ | 105550200219 | 15/02/20 | 05/03/20 | 03/20 മുതൽ 11/21 വരെ | 30600 |
| 4 | ഫൽഗുണൻ കെ.ആർ | വാർദ്ധക്യ പെൻഷന് | 105550200580 | 30/03/20 | 20/04/20 | 04/20 മുതൽ 10/20 വരെ | 9300 |
| 5 | കാർത്ത്യായനി അമ്മ | വാർദ്ധക്യ പെൻഷൻ75 | 105550200276 | 28/03/20 | 03/06/20 | 04/20 മുതൽ 08/21 വരെ | 26000 |
| 6 | അമ്മിണി | വാർദ്ധക്യ പെൻഷൻ | 105550201709 | 08/05/20 | 03/06/20 | 06/20 മുതൽ 11/21 വരെ | 26800 |
| 7 | കരുണാകരൻനായർ സി.ആർ | വാർദ്ധക്യ പെൻഷൻ | 105550200418 | 30/04/20 | 03/06/20 | 05/20 മുതൽ 01/21 വരെ | 12300 |
| 8 | വിശ്വനാഥൻ നായർ | വാർദ്ധക്യ പെൻഷന് | 105550200314 | 10/05/20 | 09/06/20 | 06/20 മുതൽ 11/21 വരെ | 26800 |
| 9 | ജനാർദ്ദനൻ.സി.എൻ | വാർദ്ധക്യ പെൻഷൻ | 105550200878 | 31/05/20 | 24/06/20 | 06/20 മുതൽ 11/21 വരെ | 26800 |
| 10 | ശാരദ തങ്കപ്പൻ | വാർദ്ധക്യ പെൻഷൻ | 105550200113 | 16/07/20 | 07/08/20 | 08/20 മുതൽ 11/21 വരെ(600 രൂപ വീതം ) | 9600 |
| 11 | രാജമ്മ | വാർദ്ധക്യ പെൻഷൻ75 | 105550200121 | 17/07/20 | 07/08/20 | 08/20 മുതൽ 11/21 വരെ | 24800 |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | വർഗീസ് ജോസഫ് | വാർദ്ധക്യ പെൻഷൻ75 | 105550200133 | 07/09/20 | 06/10/20 | 10/20 മുതൽ 11/21 വരെ | 21800 |
| 13 | റോസമ്മ ജോസഫ് | വാർദ്ധക്യ പെൻഷൻ75 | 105550201186 | 03/09/20 | 17/11/20 | 10/20 മുതൽ 11/21 വരെ | 21800 |
| 14 | ഗോപിനാഥൻ | വാർദ്ധക്യ പെൻഷന് | 105550201866 | 25/09/20 | 23/10/20 | 10/20 മുതൽ 11/21 വരെ | 21500 |
| ആകെ | | | | | | | 323400 |

പെൻഷൻ തുക സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു .

| | 04/2019 മുതൽ 03/2020 വരെ | 04/2020 മുതൽ 08/2020 വരെ | 09/2020 മുതൽ 12/2020 വരെ | 01/2021 മുതൽ 03/2021 വരെ | 04/2021 മുതൽ 08/2021 വരെ |
|---|---|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ (75 വയസിൽ കൂടുതൽ) | 1500 | 1500 | 1500 | 1500 | 1600 |
| മറ്റ് ക്ഷേമ പെൻഷനുകൾ | 1200 | 1300 | 1400 | 1500 | 1600 |

അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ ബാങ്കിലേക്കയക്കുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല . ഓഡിറ്റ് ഇത് പരിശോധിക്കുന്ന വേളയിലും മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ സ്റ്റാറ്റസ് സേവനയിൽ ആക്റ്റീവ് ആയി തുടരുകയുമാണ് . ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ കറുകച്ചാൽ ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 02/2020-21,തീയതി -16/12/21 ) പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതായും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി .

ധനകാര്യ വകുപ്പിന്റെ 5-11.20 ലെ 67/20 നമ്പർ സർക്കുലർ , ധനകാര്യ വകുപ്പിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്) നം.97/2020/ധന നമ്പർ ഉത്തരവ് എന്നിവ പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 323400/- രൂപ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ് . ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതുമാണ് .

## 1-34 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി - 112900 രൂപ തിരികെ ഈടാക്കണം

കറുകച്ചാൽ ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ ,8-2-2021ലെ 14/21/ധന സർക്കുലറുകൾ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്ന/കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ

വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | പെൻഷൻ ഐ.ഡി | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | രാമൻ. കെ. ആർ , നടപ്പുറം ഹരിജൻ കോളനി , ഉമ്പിടി പി ഒ | 105550400061 | 49600 |
| 2 | വിജയമ്മ പി.ഡി , ജ്യോതി ഭവൻ , ചമ്പക്കര പി ഒ | 105550600564 | 63300 |
| ആകെ | | | 112900 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 02/21തീയതി- 16/12/21 ) തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട് . മേൽ പറഞ്ഞിരിക്കുന്ന വ്യക്തികളിൽ നിന്നും അവർ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി സർക്കാരിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-35 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. 2% റ്റി.ഡി.എസ് ആയി കുറവ് ചെയ്തിട്ടില്ല

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ കൂടുതലായി കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. 30.07.2019 ലെ സർക്കുലർ നം 957/ഇ ജി എസ് സി /16/ആർ ഇ ജി എസ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ കൂടുതാലാണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി. റ്റി.ഡി.എസ് ആയി ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ വിശദാംശം | കരാറുകാരന്റെ പേര് | മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക | റ്റി.ഡി.എസ് ആയി ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി (2%) |
|---|---|---|---|
| കാരിക്കാനിരവ് പടനിലം റോഡ് കോൺക്രീറ്റിങ്ങ് | ജേക്കബ് കുരുവിള | 278650 | 5573 |
| പൂമറ്റം പ്രാക്കുഴിപ്പടി റോഡ് കോൺക്രീറ്റിങ്ങ് | ജേക്കബ് കുരുവിള | 365014 | 7300 |
| | ആകെ | | 12873 |

30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം

ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൌകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലെയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടക്കണമെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അങ്ങനെഅടക്കുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (08/17.12.2021) മറുപടിയായി തുക കരാറുകാരനിൽ നിന്ന് ഈടാക്കി അടവാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക കരാറുകാരനിൽ നിന്ന് ഈടാക്കി തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-36 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ കോൺക്രീറ്റിംഗ് പ്രവൃത്തികളിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പാക്കിയിരുന്നു. പ്രവൃത്തിയ്ക്കാവശ്യമായ മെറ്റീരിയലുകൾ സപ്ലൈ ചെയ്യുന്നതിന് ടെൻഡർ നടപടി സ്വീകരിച്ചിരുന്നു. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1 . പൂമറ്റം പ്രാക്കുഴിപ്പടി റോഡ് കോൺക്രീറ്റ്
എം. ബുക്ക് നമ്പർ - 31/19-20
സാധനങ്ങളുടെ വില – 365015

കരാറുകാരന്റെ പേര് - ജേക്കബ് കുരുവിള
2. കാരിക്കാനിരവ് പടനിലം റോഡ് കോൺക്രീറ്റ്
എം. ബുക്ക് നമ്പർ - 25/19-20
സാധനങ്ങളുടെ വില – 278650
കരാറുകാരന്റെ പേര് - ജേക്കബ് കുരുവിള
പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു
1) കരാറുകാരൻ ലഭ്യമാക്കിയ സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് എം ബുക്കിൽ അളവ് രേഖപ്പെടുത്തിയില്ല.
2) സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി.
CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവൃത്തികളിൽ ഉപയോഗിക്കുന്ന മെറ്റലിന്റെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5% വോയ്ഡസ് കുറവു ചെയ്ത് മാത്രമാണ് കരാറുകാരന് തുക നൽകേണ്ടത്. (Specification : 1- 27-2-3). എന്നാൽ ഈ വ്യവസ്ഥ പാലിക്കാതെ സ്റ്റാക്ക് ചെയ്ത് മെഷർ ചെയ്ത് ആവശ്യമായ കുറവുകൾ വരുത്താതെ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും കരാറുകാരന് നൽകിയിട്ടുണ്ട്
3 ) കരാറുകാരൻ ലഭ്യമാക്കിയ സാധനങ്ങളുടെ അളവുകൾ എം ബുക്കിൽ / ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.
4 ) കരാറുകാരൻ ലഭ്യമാക്കിയ സാധനങ്ങളുടെ ബില്ലുകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല
5) പൂമറ്റം പ്രാക്കുഴിപ്പടി റോഡ് കോൺക്രീറ്റിൽ എം ബുക് 31/19-20 , പേജ് - 1 പ്രകാരം 127 മീറ്റർ ദൂരം മാത്രമാണ് Earth Work In Surface Excavation നടത്തിയത്. എന്നാൽ പേജ് - 2 ൽ 150 മീറ്റർ ദൂരം കോൺക്രീറ്റ് ചെയ്തതായും രേഖപ്പെടുത്തിയിരിക്കുന്നു. എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി Surface Excavation നടത്തി ലെവൽ ചെയ്യാതെ കോൺക്രീറ്റിങ്ങ് നടത്തിയത് ശരിയായ നടപടിയല്ല.
6) സൈറ്റിൽ ബോർഡ് സ്ഥാപിച്ചതിന് 5000/-രൂപ നൽകിയിരുന്നു. എന്നാൽ ടി ബോർഡ് വാങ്ങിയതിന്റെ ബില്ല് , ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിരുന്നെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കിയില്ല.
മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/18.12.2021) പ്രവൃത്തിയുടെ അളവിനനുസരിച്ച് വന്ന മെറ്റീരിയൽസിന്റെ തുക മാത്രമാണ് കരാറുകാരന് നൽകിയിട്ടുള്ളത് എന്നും അറിവില്ലായ്മ കാരണമാണ് എം ബുക്കിൽ ആവശ്യം വേണ്ട രേഖപ്പെടുത്തൽ വരുത്താതിരുന്നത് എന്നും ഇനി മുതൽ എല്ലാ ബില്ലുകളും ഫയലിൽ ഉൾപ്പെടുത്തുന്നതാണെന്നും മറുപടി

നൽകി . മേൽ സൂചിപ്പിച്ച തരത്തിലുള്ള പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ട് സംശയ നിവാരണം നടത്തേണ്ടതും ആവശ്യം വേണ്ട നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതും മേൽ സൂചിപ്പിച്ച അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ് .

1-37 ഡെപ്പോസിറ്റ് വർക്ക് -വിനിയോഗവിവരം ലഭിച്ചിട്ടില്ല.

2020-21 വർഷം സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം തുക വിവിധ ഏജൻസികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രോജക്ടുകളുടെ വിശദമായ എസ്റ്റിമേറ്റ്, സ്ഥാപനവുമായുള്ള കരാർ, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല . ഫയലിൽ അബ്സ്ട്രാക്റ്റ് എസ്റ്റിമേറ്റ് മാത്രമാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തുക | പ്രോജക്ട് | ബിൽ നം/ വൗച്ചർ നം ,തീയതി | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 1 | 200000/- | കുറ്റിക്കൽ -തട്ടാരടി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, പ്രോജക്ട് നം 104/21 | 16/16.11.2020 | കേരള വാട്ടർ അതോറിറ്റി |
| 2 | 99543/- | പുലിയളയ്ക്കൽ പടി-സ്കൂൾ ജംഗ്ഷൻ റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽപ്രോജക്ട് നം 104/21 | 39/14.01.21 | കെ.എസ്.ഇ.ബി |
| 3 | 93504/- | കൊച്ചിക്കാല -വളവ് കുഴി റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽപ്രോജക്ട് നം 131/21 | 19/23.10.20 | കെ.എസ്.ഇ.ബി |
| 4 | 200000/- | കെച്ചപറമ്പ് -മാപ്പതി റോഡ് -പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, പ്രോജക്ട് നം 136/21 | 25/11.11.20 | കേരള വാട്ടർ അതോറിറ്റി |
| 5 | 150000/- | റൈട്ടം പറമ്പ് -ഈട്ടിക്കൽ പടി റോഡ് - പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, പ്രോജക്ട് നം 13721 | 26/11.11.20 | കേരള വാട്ടർ അതോറിറ്റി |

| | | | | |
|---|---|---|---|---|
| 6 | 100000/- | പൂമറ്റം -കൈതക്കുഴി റോഡ് - പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, പ്രോജക്ട് നം 13821 | 27/11.11.20 | കേരള വാട്ടർ അതോറിറ്റി |
| 7 | 50000/- | ചേറഅരി തടം -കരിങ്ങണാമറ്റം റോഡ് - പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, പ്രോജക്ട് നം 13921 | 28/11.11.20 | കേരള വാട്ടർ അതോറിറ്റി |
| 8 | 50000/- | പെരുംപേറ്റ് മഠത്തിനാൽച്ചിറ പാലയ്ക്കൽറോഡ് - പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, പ്രോജക്ട് നം 13921 | 29/11/11/20 | കേരള വാട്ടർ അതോറിറ്റി |
| | 943047 | | | |

മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ ചെലവിന്റെ വിശദാംശങ്ങൾ, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 943047/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-38 ലൈഫ് പദ്ധതി - അവലോകനം

2017-18 വർഷമായിരുന്നു ലൈഫിന്റെ ഒന്നാം ഘട്ടം. അക്കാലയളവിൽ എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് . 2018-19ലെ രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരായവരെയായിരുന്നു ഗുണഭോക്താക്കളായി തെരഞ്ഞെടുത്തത്.

| | |
|---|---|
| അർഹരായ ഗുണഭോക്താക്കളുടെഎണ്ണം | 51 |
| എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കളുടെഎണ്ണം | 51 |
| ഭവനനിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം | 50 |
| ഭവനനിർമ്മാണം പൂർത്തീകരണ ഘട്ടത്തിലായവർ | 1* |

* ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള വ്യക്തി – ശാന്തമ്മ , കാഞ്ഞിരത്തുങ്കൽ

2019-20 ലെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരെയായിരുന്നു ഗുണഭോക്താക്കളായി നിശ്ചയിച്ചിരുന്നതെങ്കിലും രണ്ടാം ഘട്ടത്തിലെ ഗുണഭോക്താക്കൾക്കാണ് പദ്ധതി തുക കൂടുതലും ചെലവഴിച്ചത്

| | |
|---|---|
| അർഹരായ ഗുണഭോക്താക്കളുടെഎണ്ണം | 11 |
| എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കളുടെഎണ്ണം | 11 |

| | |
|---|---|
| ഭവനനിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം | 9 |
| ഭവനനിർമ്മാണം പൂർത്തീകരണ ഘട്ടത്തിലായവർ | 1 |
| ഭവനനിർമ്മാണം ബേസ്മെന്റ് ലവൽ വരെ പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം | 1 |

2020-21 ലെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരെയായിരുന്ന ഗുണഭോക്താക്കളായി തെരഞ്ഞെടുത്തത്.

| | |
|---|---|
| അർഹരായ ഗുണഭോക്താക്കളുടെഎണ്ണം | 52 |
| സ്വന്തമായി ഭൂമി ആർജ്ജിച്ചവർ | 0 |
| സ്പോൺസർഷിപ്പ് വഴി ഭൂമി ലഭിച്ചവർ | 0 |
| പട്ടികജാതി വികസനവകുപ്പ് വഴി ഭൂമി ലഭിച്ചവർ | 2 |
| തദ്ദേശസ്വയംഭരണസ്ഥാപനം വഴി ഭൂമി ലഭിച്ചവർ | 20 |

ഫേസ് 3 ൽ ഉണ്ടായിരുന്ന 22 പേർ 2020-21 ൽ എഗ്രിമെന്റ് വെച്ചു. 22 പേരിൽ 9 പേർ ഭവന നിർമ്മാണം പൂർത്തിയാക്കുകയും 13 പേരുടെ ഭവനനിർമ്മാണം പൂർത്തീകരണ ഘട്ടത്തിലുമാണ് .

2020-21 ലെ മൂന്നാം ഘട്ടത്തിലെ സാമ്പത്തിക വിശകലനം

| വിഭാഗം | വികസന ഫണ്ട് | സംസ്ഥാനാ വിഷ്കൃത പദ്ധതി | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| എസ്.സി വകയിരുത്തിയത് | 1496000 | 1600000 | 1600000 | 1784000 | 3520000 | 10000000 |
| ചെലവ് | 1496000 | 0 | 824044 | 580000 | 0 | 2900044 |
| ജനറൽ വകയിരുത്തിയത് | 2330200 | 2500000 | 2369800 | 2300000 | 5500000 | 15000000 |
| ചെലവ് | 2330200 | 0 | 1009800 | 880000 | 2060000 | 6280000 |

ഗുണഭോക്തൃ ലിസ്റ്റിൽ അവശേഷിക്കുന്ന ഗുണഭോക്താക്കളെ ഭവനനിർമ്മാണത്തിനായി 2021-22 വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി മൂന്നാം ഘട്ടത്തിൽ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

## 1-39 വി ഇ ഒ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

### 1. വീട് മെയിന്റനൻസ് -പണി പൂർത്തീകരിച്ചില്ല

വീട് വാസയോഗ്യമാക്കൽ (എസ് സി ) പ്രോജക്ട് (98/2020-21 ) പ്രകാരം വീട് വാസയോഗ്യമാക്കാൻ ആദ്യ ഗഡു ആയി 50000 കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | പേര് | തുക നൽകിയ വിവരം |
|---|---|---|
| 1) | ചെല്ലമ്മ നാരായണൻ , മാടത്താനിയിൽ | ബിൽ നമ്പർ - 15/2020-21 |

| | | |
|---|---|---|
| | | തീയതി-25-01-21 |
| 2 | കുഞ്ഞമ്മ കുട്ടൻ | ബിൽ നമ്പർ - 15/2020-21 തീയതി-25-01-21 |
| 3 | അഭയചന്ദ്രൻ കൊച്ചുഴത്തിൽ | ബിൽ നമ്പർ - 08/2020-21 തീയതി-14-10-20 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ / സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 30/21തീയതി-22/12/21 ) അടിയന്തിരമായി പണി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി . വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

2. പട്ടികവർഗ്ഗ വിദ്യാർത്ഥിയ്ക്ക് പഠനമുറി - നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചില്ല .

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി പ്രോജക്റ്റുമായി ( 108/2020-21 ) ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന ഗുണഭോക്താവ് ധനസഹായം കൈപ്പറ്റി നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| പേരും വിലാസവും | തവണ | കൈപ്പറ്റിയ തുക | ബിൽ നം./തീയതി |
|---|---|---|---|
| രാജു റ്റി ആർ , ആലപ്പള്ളിക്കുന്നേൽ | 2 | 100000 | 13/2020-21/ 27.01.21 – 50000 രൂപ , 14/2020-21/01.03.21- 50000 രൂപ |

മേൽപ്പറഞ്ഞ ഗുണഭോക്താവിന്റെ പഠനമുറി പൂർത്തീകരിച്ചതിന്റെ / സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 30/21തീയതി-22/12/21 ) നടപ്പുവർഷം സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഉടൻ തന്നെ പണി പൂർത്തീകരിക്കുന്നതാണെന്നും മറുപടി നൽകി . പഠനമുറി പ്രവൃത്തി പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

3. ലൈഫ് ഭവനപദ്ധതി -ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല .

ലൈഫ് ഭവനപദ്ധതിയുടെ മൂന്നാം ഘട്ടത്തിലെ ഭൂരഹിത ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിന് 2020-21 വർഷം പ്രോജക്റ്റ് നമ്പർ 109/21 പ്രകാരം 14 ഗുണഭോക്താക്കൾക്കും പ്രോജക്റ്റ് നമ്പർ 119/21 പ്രകാരം 8ഗുണഭോക്താക്കൾക്കും പ്രോജക്റ്റ് നമ്പർ 245/21 (SO) പ്രകാരം 11 ഗുണഭോക്താക്കൾക്കും വിവിധ ഗഡുക്കളായി തുക നൽകിയതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്റ്റ് നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | 119/21 | വാസന്തി ചെല്ലപ്പൻ | 300000 |
| 2 | 119/21 | കുട്ടിയമ്മ ശങ്കരൻ | 300000 |
| 3 | 119/21 | അമ്മിണി പി കെ | 335044 |
| 4 | 119/21 | ലീല | 40000 |
| 5 | 119/21 | ശ്രീകുമാർ കെ വി | 200000 |
| 6 | 119/21 | രഞ്ജിത്ത് കുമാർ ആർ | 200000 |

| | | | |
|---|---|---|---|
| 7 | 109/21 | മണിയമ്മ /മോഹനൻ | 300000 |
| 8 | 109/21 | സിന്ധു ഹരിദാസ് | 300000 |
| 9 | 109/21 | മീന പ്രദീപ് | 300000 |
| 10 | 109/21 | കോമളം സുധാകരൻ | 300000 |
| 11 | 109/21 | സന്ധ്യാ അമ്പിളി | 300000 |
| 12 | 109/21 | മനീഷ് മോഹൻ | 300000 |
| 13 | 109/21 | അയ്യപ്പൻ | 300000 |
| 14 | 109/21 | ഹരികുമാർ | 300000 |
| 15 | 109/21 | ബിന്ദു രവി | 40000 |
| 16 | 245/21 | വിനീഷ് കുമാർ | 200000 |
| 17 | 245/21 | രതി രാജു | 200000 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ / സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 30/21തീയതി-22/12/21 ) മേൽ സൂചിപ്പിച്ച എല്ലാവരും ഈ സാമ്പത്തിക വർഷം തന്നെ പണി പൂർത്തീകരിക്കുന്നതാണെന്ന് മറുപടി നൽകി . ഭവനനിർമ്മാണം പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

4. 2018-19 ലെ രണ്ടാം ഘട്ടത്തിലെ ഒരാൾ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

2018-19 ലെ രണ്ടാം ഘട്ടത്തിൽ ഭവന നിർമ്മാണത്തിനായി എഗ്രിമെന്റ് വെച്ച 51 പേരിൽ ഒരാൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല . വിശദ വിവരം ചുവടെ ചേർക്കുന്നു .

| പേര് | കൈപ്പറ്റിയ തുക |
|---|---|
| ശാന്തമ്മ , കാഞ്ഞിരത്തുങ്കൽ | 360000 |

മേൽപ്പറഞ്ഞ ഗുണഭോക്താവിന്റെ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ / സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 30/21തീയതി-22/12/21 ) ഗുണഭോക്താവ് ഭവന നിർമ്മാണം ഏൽപ്പിച്ചിരുന്ന കരാറുകാരനുമായുള്ള പ്രശ്നങ്ങളാൽ നിർമ്മാണ പ്രവൃത്തി നിന്നു പോയി എന്നും അടിയന്തിരമായി പണി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മറുപടി നൽകി . ഭവനനിർമ്മാണം പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-40 ആശ്രയ പദ്ധതി - വീട് അറ്റകുറ്റപ്പണി പൂർത്തിയായില്ല, വിലയിരുത്തൽ സമിതി രൂപീകരിച്ചില്ല

പ്രോജ. നം.7/21 , ആശ്രയ പദ്ധതിയ്ക്ക വിഹിതം നൽകൽ

നിർവഹണം - അസി. സെക്രട്ടറി

അടങ്കൽ - 2 ലക്ഷം

ചെലവ് - 1 ലക്ഷം (വി.ഫ)

ബിൽ നം.13/29.3.2021) - തുക 100000/-

ടി പ്രോജക്ടിൽ വകയിരുത്തിയ 200000/- രൂപയിൽ 100000/- രൂപ തൻ വർഷം ചെലവഴിച്ചത്. ടി തുക രണ്ട് ഗുണഭോക്താക്കളുടെ വീട് അറ്റകുറ്റപ്പണിയ്ക്കായി അക്കൗണ്ടിലേക്ക് മുൻകൂർ നൽകിയിട്ടുണ്ട്. ടി പ്രോജക്ട് പൂർത്തിയാകാതിരുന്നതിനെ തുടർന്ന് സ്പിൽഓവർ ആവുകയും 2021-22 വർഷം ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളിൽ വർക്കി വർഗീസ്, കുളത്തുങ്കൽ, കുത്രപ്പള്ളി (വാർഡ്

14) എന്ന ഗുണഭോക്താവ് നാളിതുവരെ വീട് അറ്റകുറ്റപ്പണി പൂർത്തിയാക്കുകയോ മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭിക്കുകയോ ചെയ്തിട്ടില്ല. വീട് അറ്റകുറ്റപ്പണി പൂർത്തീകരിച്ച് വാല്യുവേഷൻ, പൂർത്തീകരണ റിപ്പോർട്ട് സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ആശ്രയപദ്ധതി മോണിറ്ററിംഗിനായി പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപെഴ്സൺ, സെക്രട്ടറി, സി.ഡി.എസ്സ് ചെയർപെഴ്സൺ , മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ തുടങ്ങിയവർ ഉൾപ്പെട്ട ഒരു വിലയിരുത്തൽ സമിതി രൂപീകരിക്കുകയോ ഓഡിറ്റ് വർഷം ടി സമിതി യോഗം ചേരുകയോ ചെയ്തിട്ടില്ല. അഗതികുടുംബങ്ങളുടെ ക്ലേശ ഘടകങ്ങൾ പരിശോധിച്ച് ഭക്ഷ്യ വസ്തുക്കളുടെ വിതരണത്തിനും ചികിത്സയ്ക്കുമായി തൻവർഷം ചലഞ്ച് ഫണ്ടിൽ നിന്നും 608162/- രൂപ ചിലവഴിച്ചിട്ടുണ്ട്. ആശ്രയ പദ്ധതി മോണിട്ടറിംഗ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതും വീട് അറ്റകുറ്റപ്പണിക്കായി തുക കൈപ്പറ്റുന്ന ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-41 അംഗൻവാടികൾക്ക് പൈപ്പ് കണക്ഷൻ - നിക്ഷേപ പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

പ്രോജ. നം.113/21 , വിവിധ അംഗൻവാടികൾക്ക് വാട്ടർ അതോരിറ്റി പൈപ്പ് കണക്ഷൻ ലഭ്യമാക്കൽ

നിർവഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ - 2 ലക്ഷം

ചെലവ് - 2 ലക്ഷം (ധനകാര്യ കമ്മീഷൻ)

ബിൽ നം.8/19.02.2021) - തുക 200000/-

ടി പ്രോജക്ടിൽ വിവിധ വാർഡിലെ 10 അംഗൻവാടികൾക്ക് പൈപ്പ് കണക്ഷൻ സ്ഥാപിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്യുകയും അനുയോജ്യമല്ലായെന്ന് കണ്ടെത്തിയതിനെ തുടർന്ന് 2 അംഗൻവാടികളെ ഒഴിവാക്കുകയും ബാക്കി 8 അംഗൻവാടികളുടെ എസ്റ്റിമേറ്റ് തുക (200000/-) വാട്ടർ അതോരിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തി സംബന്ധിച്ച് നിർവഹണ ഉദ്യോഗസ്ഥയും വാട്ടർ അതോരിറ്റിയുമായി യഥാസമയം കരാറിൽ ഏർപ്പെടുകയോ ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/20.12.2021) പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും കരാറും വിനിയോഗ സാക്ഷ്യപത്രവും തിരുവല്ല വാട്ടർ അതോരിറ്റി ഓഫീസിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കാമെന്നും അറിയിച്ചിട്ടുണ്ട്. കരാർ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതുവരെ ചെലവ് തുക (200000/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-42 വൃദ്ധർക്ക് കട്ടിൽ - സാമ്പിൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല – ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന് ടെൻഡർ നൽകി

പ്രോജ. നം.102/21 വൃദ്ധർക്ക് കട്ടിൽ

നിർവഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ - 369750/-

ചെലവ് - 369750/-

ബിൽ നം.13/2020-21 തീ.24.03.2021

ബിൽ നം.14/2020-21 തീ.24.03.2021

ഇതിൽ പങ്കെടുത്ത 6 സ്ഥാപനങ്ങൾ സമർപ്പിച്ച ടെൻഡറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം | സ്ഥാപനം | ക്വോട്ട് ചെയ്ത നിരക്ക് |
|---|---|---|

| | | |
|---|---|---|
| 1. | AST മെഡിടെക് | 3363(മഹാഗണി) |
| 2. | പ്ലാസ എന്റർപ്രൈസ് | 3375(ആഞ്ഞിലി/മഹാഗണി) |
| 3. | വിനോദ്.റ്റി.കെ, തടത്തിൽ | 3800(5 Yr ഗ്യാരന്റി) 4200 (7 Yr ഗ്യാരന്റി) |
| 4. | സോനാ ഇൻഡസ്ട്രീസ് | 3640(ആഞ്ഞിലി/മഹാഗണി) |
| 5. | ജെയ്സൺ ഇംപെക്സ് | 3449(ആഞ്ഞിലി) 3535(മഹാഗണി) |
| 6. | തമ്പുരാൻകാലായിൽ | 3590(ആഞ്ഞിലി) 3490(മഹാഗണി) |

ടെൻഡറിൽ മേൽപ്പറഞ്ഞ 6 സ്ഥാപനങ്ങൾ പങ്കെടുക്കുകയും വിവിധ നിരക്കുകൾ ക്വോട്ട് ചെയ്യുകയുമുണ്ടായി. സമർപ്പിക്കപ്പെട്ട ടെൻഡറുകളിൽ ഫർണിച്ചറുകളുടെ പൂർണ്ണമായ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല (തടിയുടെ തരം, ഗ്യാരന്റി....). എന്നാൽ ടെൻഡറിൽ പങ്കെടുത്ത മുഴുവൻ സ്ഥാപനങ്ങളോടും സാമ്പിൾ ആവശ്യപ്പെട്ടെങ്കിലും വിനോദ് റ്റി.കെ, തടത്തിൽ എന്ന സ്ഥാപനം ഒഴികെ മറ്റ് 5 സ്ഥാപനങ്ങളുടേയും സാമ്പിൾ യഥാസമയം ലഭ്യമാക്കിയില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടി സ്ഥാപനങ്ങളുടെ സാമ്പിൾ പരിശോധിക്കാതെ അവരെ ഒഴിവാക്കുകയും ക്വട്ടേഷനിലെ ഏറ്റവും ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ (4200/-) വിനോദ് റ്റി.കെ, തടത്തിൽ എന്ന ആൾ സമർപ്പിച്ച ടെൻഡർ അംഗീകരിക്കുകയും നിഗോഷ്യേറ്റ് ചെയ്ത് 4100/- ൽ കരാർ ഉറപ്പിക്കുകയും 14.8.2020 ചേർന്ന പ്രൊക്യൂർമെന്റ് കമ്മറ്റി ഗുണനിലവാരം പരിശോധിച്ച് കരാർ നൽകുകയുമുണ്ടായി. ഇതിൽ ഒരു സ്ഥാപനം മാത്രം സാമ്പിൾ ഹാജരാക്കിയതിനാൽ ആ സ്ഥാപനത്തിന്റെ മാത്രം സാമ്പിൾ പരിശോധിച്ച് കരാർ നൽകാനിടയായത് ടെൻഡർ നടപടിക്രമങ്ങളുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ടെൻഡറിൽ പങ്കെടുക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടേയും സാമ്പിൾ പ്രൊക്വർമെന്റ് കമ്മറ്റി പരിശോധിച്ച് ഉറപ്പ് വരുത്തി മാത്രം ഇത്തരം വാങ്ങലുകൾ നടത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-43 ജോയിന്റ് വെഞ്ചർ പ്രോജക്ട് - ചെലവ് തുകകളിൽ അവ്യക്തത - യഥാർത്ഥ ചെലവുകളിൽ പൊരുത്തക്കേടുകൾ നിലനിൽക്കുന്നു

പഞ്ചായത്തിന്റെ ആധികാരിക രേഖയായ വാർഷിക ധനകാര്യ പത്രികയിലും സുലേഖ സ്റ്റേറ്റ്മെന്റിലും ചെലവായി ഉൾപ്പെട്ട താഴെപ്പറയുന്ന ജോയിന്റ് വെഞ്ചർ പ്രോജക്ടുകളുടെ ചെലവുകൾ (യഥാക്രമം ജില്ലാ പഞ്ചായത്ത് , ബ്ലോക്ക് പഞ്ചായത്ത് ) ഓഡിറ്റിൽ ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രോജ. നം.145/21 കിഴങ്ങ് വർഗ്ഗ വിളകളുടെ വികസനം

അടങ്കൽ - 224500

ചെലവ് - 192000/- (വി.ഫ-46000, തനത് - 81000, ജില്ല പഞ്ചായത്ത് -65000)

ബിൽ നം.15/14.1.2021 – തുക 42000/-

ബിൽ നം. 22/17.3.2021 – തുക 4000/-

ചെക്ക് നം.520989/18.01.2021 - 81000/-

ഐ.കെ.എം ചെലവ് പത്രിക പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമായ 65000/- രൂപ തൻ വർഷം ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു.

2)പ്രോജ. നം.142/21 ഫലവൃക്ഷത്തൈകളുടെ വിതരണം

അടങ്കൽ - 200000

ചെലവ് - 200000/- (വി.ഫ-18750, തനത് - 81250, ബ്ലോക്ക് പഞ്ചായത്ത് -100000)

ബിൽ നം.18/30.1.2021, 23/17.3.2021, 24/17.3.2021

ചെക്ക് നം.520990/19.1.2021

ഐ.കെ.എം ചെലവ് പത്രിക പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 100000/- രൂപ തൻ വർഷം ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു.

ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് ചെലവ് രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/20.12.2021) യഥാർത്ഥത്തിൽ ടി തുകകൾ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ലായെന്നും തുടർ വർഷങ്ങളിലെ പ്രോജക്ടുകളിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പഞ്ചായത്തുമായി ബന്ധപ്പെട്ട് കൂടുതൽ പരിശോധനയ്ക്ക് ശേഷം വിശദാംശങ്ങൾ ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. ചെലവ് രേഖകൾ ലഭ്യമല്ലാത്തതിനാൽ ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് ഇനത്തിൽ മേൽ പ്രോജക്ടിൽ ഓഡിറ്റ് വർഷം ചെലവൊന്നും വന്നിട്ടില്ലായെന്ന് പഞ്ചായത്തും നിർഹണ ഉദ്യോഗസ്ഥയും സംയുക്തമായി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ മാപ്പിംഗിൽ അപാകത സംഭവിച്ചിട്ടുണ്ടെങ്കിൽ പരിശോധിക്കേണ്ടതും ജോയിന്റ് വെഞ്ചർ പ്രോജക്ടുകളുടെ ചെലവിലെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്. വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

## 1-44-1 എ.ബി.സി പ്രോഗ്രാം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

പ്രോജ. നം.158/21, എ.ബി.സി പ്രോഗ്രാം-കുടുംബശ്രീ ജില്ലാ മിഷന് മുൻകൂറായി തുക നൽകൽ

നിർവഹണം - വെറ്റിനറി സർജൻ

അടങ്കൽ - 210000

ചെലവ് - 210000/- (വി.ഫ)

ബിൽ നം. 8/29.01.2021

എ.ബി.സി പദ്ധതി നടപ്പാക്കുന്നതിനായി കുടുംബശ്രീ ജില്ലാ മിഷന് മുൻകൂറായി 210000/- രൂപ നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ജില്ലാ മിഷനിൽ നിന്നും ലഭിച്ചിട്ടുണ്ടോ? ഹാജരാക്കുക

2020-21 വർഷം പഞ്ചായത്ത് പരിധിയിൽ എ ബി സി പ്രോഗ്രാം നടപ്പാക്കുന്നതിന് (പ്രോജക്ട് നം.158/2021) എന്ന പ്രോജക്ടിന്റെ ഭാഗമായി വികസനഫണ്ട് 210000/- രൂപ (ബിൽ നം.8/2020-21 /29.01.2021) വകയിരുത്തി കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ, എ.ബി.സി പ്രോജക്ടിന് കൈമാറിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/2020-21 തീ.20.12.2021) കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജൻ അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക (210000/-) തടസ്സപ്പെടുത്തുന്നു

## 1-44-2 കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

പ്രോജ. നം.115/2021, കന്നുകുട്ടി പരിപാലനം

നിർവഹണം - വെറ്റിനറി സർജൻ

അടങ്കൽ - 6ലക്ഷം

ചെലവ് - 3ലക്ഷം (വി.ഫ)

ബിൽ നം.- 6/10.1.2021

കന്നുകുട്ടി പരിപാലനത്തിനായി മേൽ ബിൽ പ്രകാരം 3 ലക്ഷം രൂപ അസി. ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയത്തിന് നൽകിയിട്ടുണ്ട്. ടി പദ്ധതി ചെലവിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/2020-21 തീ.20.12.2021) പദ്ധതിയിൽ 24 ഗുണഭോക്താക്കളാണുള്ളതെന്നും കുത്രപ്പള്ളി ക്ഷീര സംഘത്തെ നടത്തിപ്പ് ചുമതല ഏൽപ്പിച്ചുവെന്നും പദ്ധതി നിർവഹണ ഘട്ടത്തിലാണെന്നും കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നും നിർവഹണോദ്യോഗസ്ഥൻ അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതുവരെ ചെലവ് തുക (300000/-) തടസ്സപ്പെടുത്തുന്നു. പദ്ധതി തുക സമയബന്ധിതമായി ചെലവഴിക്കേണ്ടതും പ്രോജക്ട് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടർ ചെയ്യേണ്ടതുമാണ്. പ്രോജക്ട് പൂർത്തിയായശേഷം വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-44-3 മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - മരുന്നിന്റെ പേര് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല

പ്രോജ. നം.123/21 മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 2ലക്ഷം

ചെലവ് - 198734/-(നോൺ റോഡ്)

ബിൽ നം. - 12/30.1.2021, 13/30.1.2021, 14/27.2.2021

നിർവഹണം - വെറ്റിനറി സർജൻ

മൃഗാശുപത്രിയിലേക്ക് ആവശ്യമുള്ള മരുന്ന് വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്കുകൾ ക്വോട്ട് ചെയ്ത ഷിഫ, സാന്ത്വനം, അമൃത് എന്നീ ഫാർമസികളിൽ നിന്നും തൻ വർഷം മരുന്ന് വാങ്ങിയിട്ടുണ്ട്. ടി മരുന്ന് വാങ്ങുന്നതിന് മുമ്പായി ടി മരുന്ന് സ്റ്റോക്കിൽ ലഭ്യമല്ലായെന്ന ഒരു നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ജില്ലാ വെറ്റിനറി ഓഫീസറിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല. ചെലവ് തുകയ്ക്കനുസൃതമായ മുഴുവൻ മരുന്നുകളും ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ലഭിച്ച മരുന്നുകൾ ഉപയോഗയോഗ്യമാണെന്ന ഒരു സാക്ഷ്യപത്രം ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. ബില്ലിൽ സ്റ്റോക്ക് രജിസ്റ്ററിന്റെ പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാങ്ങിയ മരുന്നുകളുടെ ബില്ലിലെ പേരിന് പകരം രാസനാമം (Content) ആണ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. മരുന്നുകൾ ലഭിക്കുമ്പോൾ ബില്ലിൽ ടി മരുന്ന് പരിശോധിച്ച് ഉപയോഗക്ഷമമാണെന്ന ഒരു സാക്ഷ്യപത്രം രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ആവശ്യമുള്ള മരുന്ന് വാങ്ങുന്നതിന് മുമ്പായി നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ജില്ലാ അധികാരിയിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും ബില്ലിലെ മരുന്നിന്റെ പേര് തന്നെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-45 പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി (പി.എം.സി) യഥാസമയം യോഗം ചേർന്നില്ല, വരവ് ചെലവ് കണക്കുകൾ അംഗീകരിച്ചില്ല

ഓരോ ഭരണ സമിതിയുടേയും കാലാവധി അവസാനിക്കുമ്പോൾ പി.എം.സി യുടെ കാലാവധിയും അവസാനിക്കുമെന്ന് ഇതു സംബന്ധിച്ച 2010 ലെ ചട്ടം 3(5) ലും പഞ്ചായത്ത് പ്രസിഡന്റ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ, മെഡിക്കൽ ഓഫീസർ എന്നിവർ ഉൾപ്പെട്ട പുതിയ കമ്മറ്റി രൂപീകരിക്കണമെന്ന് ചട്ടം 3(4) ലും നിർദ്ദേശിക്കുന്നു. പുതിയ കമ്മറ്റി നിലവിൽ വന്ന് ഒരു മാസത്തിനകം ആദ്യ യോഗം ചേരണമെന്നും പിന്നീട് ഓരോ 3 മാസം കൂടുമ്പോഴും പി.എം.സി യോഗം കൂടണമെന്നും ചട്ടം 5 ൽ നിർദ്ദേശിക്കുന്നു. എന്നാൽ ഈ ചട്ടങ്ങളൊന്നും ഓഡിറ്റ് വർഷം പാലിച്ചിട്ടില്ല. ഓഡിറ്റ് വർഷം പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി ഒരു തവണ മാത്രമാണ് (16.02.2021) യോഗം ചേർന്നിട്ടുള്ളത്. ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത കമ്മറ്റിയിൽ അംഗീകരിച്ചതായും കാണുന്നില്ല. പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി യഥാസമയം യോഗം ചേർന്ന് വരവ് ചെലവ് കണക്കുകൾ

അംഗീകരിക്കേണ്ടതും പ്രവർത്തനം അവലോകനം ചെയ്യേണ്ടതുമാണ്.

1-46 കോവിഡ് -19 പ്രതിരോധപ്രവർത്തനം -അവലോകനം .

ഗ്രാമപഞ്ചായത്തിന്റെ വാർഷികധനകാര്യപത്രിക പ്രകാരം 2020-21 വർഷം കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി 13,26,157/-രൂപ ചെലവഴിച്ചിട്ടുണ്ട്. , വരവു ചെലവു കണക്കു വ്യക്തമാക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ചെലവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

കോവിഡ്- 19 വ്യാപനം തടയുന്നതിന് വേണ്ടി സ.ഉ(സാധാ) നം.1364/2020/ത.സ്വ.ഭ.വ തീയതി 16.07.2020-ലെ തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ആരോഗ്യവകുപ്പും, ജില്ലാദുരന്തനിവാരണ അതോറിട്ടിയും ചേർന്ന് പ്രത്യേകമായി തയ്യാറാക്കുന്ന ആരോഗ്യ പരിപാലന കേന്ദ്രങ്ങളായ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്നതിന് ഗ്രാമപഞ്ചായത്തുകമ്മറ്റിയുടെ 21.07.2020 ലെ 2(1)-ാം നമ്പർ തീരുമാനം പ്രകാരം മാർത്തോമാ സെമിനാരി എക്സ്റ്റൻഷൻ കാമ്പസ് കെട്ടിടം വിട്ടുകിട്ടിയിരുന്നു. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ പ്രവർത്തനസജ്ജമാക്കുന്നതിന്റെ ഭാഗമായി കെട്ടിടവും പരിസരവും 2020 ജൂലൈ മാസം തന്നെ ക്രമീകരിക്കുകയും ചെയ്തതായി നോഡൽ ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. 2020 ആഗസ്റ്റ് ആദ്യവാരം പ്രവർത്തനം ആരംഭിക്കുന്നതിനു വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കിയിരുന്നെങ്കിലും തടസ്സവാദങ്ങൾ ഉന്നയിച്ച് ഇതൊഴിവാക്കാൻ കറുകച്ചാൽ സി എച്ച് സി യിലെ മെഡിക്കൽ ഓഫീസർ ശ്രമിച്ചതുകൊണ്ടും പിന്നീട് പഞ്ചായത്ത് ഇലക്ഷന്റെ നടപടിക്രമങ്ങൾവന്നതുകൊണ്ടുംകോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി (നം.9)യുടെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതേ സ്ഥലത്ത് 27/04/2021 മുതൽ ഡൊമിസിലിയറി കെയർ സെന്റർ പ്രവർത്തനം ആരംഭിച്ചിരുന്നെന്ന വിവരം ലഭ്യമാക്കിയിട്ടുണ്ട്.കോവിഡിന്റെ സമൂഹവ്യാപനമുണ്ടായാൽ നിലവിലുള്ള പൊതു ജനാരോഗ്യ സംവിധാനത്തിന്റെ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ അവശ്യ സൗകര്യങ്ങളുള്ള പ്രാദേശികകേന്ദ്രങ്ങളായി വിഭാവനം ചെയ്ത സിഎഫ് എൽ റ്റി സി പ്രവർത്തനം ആരംഭിക്കാതിരുന്നത് ഉചിതമായില്ല. സിഎഫ് എൽ റ്റി സിയുടെ ഫലപ്രദമായ നടത്തിപ്പിനാവശ്യമായ മാനേജിംഗ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.. സർക്കാർ നിർദ്ദേശങ്ങൾ യഥാസമയം നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് പ്രദേശത്ത് നാല് കോവിഡ് കെയർ സെന്ററുകൾ തൻവർഷം പ്രവർത്തിച്ചിരുന്നെങ്കിലും ഇതുമായി ബന്ധപ്പെട്ട വരവു ചെലവു കണക്കുകൾ ലഭ്യമാക്കിയിട്ടില്ല. 2020-21 വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 റെഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല - നഷ്ടം 30740 രൂപ

താഴെപ്പറയുന്ന കെട്ടിടത്തിൽ നിന്നും ആവശ്യമായ റെഗുലറൈസേഷൻ ഫീസ് ഈടാക്കിയതായി രജിസ്റ്ററിലോ, ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല . വിശദമായ പരിശോധനയിൽ റെഗുലറൈസേഷൻ ഫീസ് ഒടുക്കാതെ തന്നെ കെട്ടിടത്തിന് നമ്പർ( 2021 ഫെബ്രുവരി മാസത്തിൽ)അനുവദിച്ചതായി കണ്ടെത്തി . വിശദ വിവരം ചുവടെ ചേർക്കുന്നു .

| ഉടമയുടെ പേര് | ഫയൽ നം., | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം | ഈടാക്കേണ്ടിയിരുന്ന റെഗുലറൈസേഷന് ഫീസ് |
|---|---|---|---|---|
| യോഹന്നാൻ വർഗ്ഗീസ് | എ2-5398/2020 | വാണിജ്യാവശ്യം | 1537 | 30740 രൂപ ( 1537 *20) |

തുക ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കാൻ നൽകിയ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 24/21തീയതി-21/12/21 ) റെഗുലറൈസേഷൻ ഫീസ് അടവാക്കുന്നതിന് അറിയിപ്പ് നൽകിയതായി അറിയിച്ചു . റെഗുലറൈസേഷൻ ഫീസ് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ ടെൻഡർ അംഗീകരിച്ചില്ല- നഷ്ടം 7795/-രൂപ

| | |
|---|---|
| പ്രൊജക്റ്റ് നം &പേര് | 92/21ഉമ്പിടി കോളനി റോഡിൻൽ ബാരിക്കേട് നിർമ്മാണം |
| അടങ്കൽ | 350000/-(SCP) |
| ചെലവ് | 323720/-<br>Bill No 115/26-3-21 |
| കരാറുകാരൻ | പ്രീത് മാത്യു |
| കരാർ നം | 59/AE/LSGD/KCHL/28-10-20 |

9/20 ൽ നടന്ന ടെൻഡറിൽ കരാറുകാരായ ശ്രീ വേണുകുമാർ, ശ്രീ പ്രീത് മാത്യു എന്നിവർ പങ്കെടുക്കുകയും എസ്റ്റിമേറ്റിനേക്കാൾ യഥാക്രമം 6.2 %, 3.6% കുറഞ്ഞ നിരക്കുകൾ ക്വാട്ട് ചെയ്ത് ടെൻഡർ സമർപ്പിക്കുകയും ചെയ്തിരുന്നു. 23/9/20 ന് തുറന്ന പ്രസ്തുത ടെൻഡറുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (6.2%)ശ്രീ വേണുകുമാറിന്റെ ടെൻഡർ അംഗീകരിച്ചതായി ടെൻഡർ രജിസ്റ്റർ പേജ് 26ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 14-10-20 ന് സെലക്ഷൻ നോട്ടീസ് നൽകിയിരിക്കുന്നത് ശ്രീ .പ്രീത് മാത്യുവിനാണ്. പ്രീത് മാത്യു 28-10-20 ന് കരാറിലേർപ്പെടുകയും പ്രവർത്തി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് പ്രവർത്തി നൽകാത്തതുമൂലം താഴെപറയുന്ന നഷ്ടം സർക്കാർ ഫണ്ടിനുണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രവർത്തി മൂല്യം | 2,99,830/- |
| ടെൻഡർ കുറവ് ചെയ്തത് | 2,99,830/-x3.6%=10794/- |
| കുറഞ്ഞനിരക്ക് അംഗീകരിച്ചിരുന്നുവെങ്കിൽ കുറവ് ചെയ്യേണ്ടിയിരുന്നത് | 2,99,830/-x6.2%=18589.46/- |
| നഷ്ടമായ തുക | 7795/- |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം 16) മറുപടി ലഭ്യമാക്കിയില്ല. കുറഞ്ഞ ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് കമ്മറ്റി തീരുമാനവും ലഭ്യമാക്കിയിരുന്നില്ല. കുറഞ്ഞടെൻഡർ അംഗീകരിക്കാത്തതുമൂലം നഷ്ടമായ 7795/- രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റുകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1

ആയി നല്കിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | ലഭിച്ച തിയതി | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1009800 | 2020-21 | ലൈഫ് പദ്ധതി ( ജനറൽ) | 1009800 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 824044 | 2020-21 | ലൈഫ് പദ്ധതി ( പട്ടിക ജാതി ) | 824044 | 0 |
| ആകെ | 1833844 | | | 1833844 | 0 |
| ജില്ലാ പഞ്ചായത്ത് | 880000 | 2020-21 | ലൈഫ് മിഷൻ ജനറൽ | 880000 | 0 |
| ജില്ലാ പഞ്ചായത്ത് | 580000 | 2020-21 | ലൈഫ് പദ്ധതി ( പട്ടിക ജാതി ) | 580000 | 0 |
| ജില്ലാപഞ്ചായത്ത് | 140000 | 2020-21 | ലൈഫ് പദ്ധതി ( എസ് സി പി ) | 140000 | 0 |
| ജില്ലാപഞ്ചായത്ത് | 185047 | 2020-21 | അങ്കണവാടി പോഷകാഹാര വിതരണം | 185047 | 0 |
| ജില്ലാപഞ്ചായത്ത് | 344430 | 2020-21 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ബത്ത | 344430 | 0 |
| ആകെ | 2129477 | | | 2129477 | 0 |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുറ്റിക്കൽ-തട്ടാരടി റോഡ് പൈപ്പ് ലൈൻ നീട്ടൽ | 200000 | 0 | 200000 |
| കേരള വാട്ടർ അതോറിറ്റി | കൊച്ചപറമ്പ് മാമ്പതി റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | 200000 | 0 | 200000 |
| കേരള വാട്ടർ അതോറിറ്റി | റൈട്ടം പറമ്പ് മാമ്പതി റോഡിൽ പൈപ്പ് ലൈൻ | 150000 | 0 | 150000 |

| | | | | |
|---|---|---|---|---|
| | നീട്ടൽ | | | |
| കേരള വാട്ടർ അതോറിറ്റി | പൂമറ്റം കൈതക്കുഴി റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | 100000 | 0 | 100000 |
| കേരള വാട്ടർ അതോറിറ്റി | ചേറ്റതടം കരിങ്ങണാമറ്റം റോഡിൽ കാവുങ്കൽ ഭാഗം മുതൽ കരിങ്ങണാമറ്റം വരെ പൈപ്പ് ലൈൻ നീട്ടൽ | 50000 | 0 | 50000 |
| കേരള വാട്ടർ അതോറിറ്റി | പെരുംമ്പേറ്റ് മഠത്തിനാൽചിറ റോഡിൽ മഠത്തിനാൽചിറ പാലയ്ക്കൽ നടവഴിയിൽ പൈപ്പ് ലൈൻ നീട്ടൽ | 50000 | 0 | 50000 |
| കേരള വാട്ടർ അതോറിറ്റി | വിവിധ അങ്കണവാടികൾക്ക് വാട്ടർ അതോറിറ്റി പൈപ്പ് കണക്ഷൻ ലഭ്യമാക്കൽ | 200000 | 0 | 200000 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പുലിയളയ്ക്കൽപടി സ്കൂൾ ജംഗ്ഷൻ റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ | 100000 | 0 | 99543 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | കൊച്ചിക്കാല വളവുകുഴി റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ | 93504 | 0 | 93504 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2020-21 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC LOAN ലൈഫ് ഭവന പദ്ധതി | ജിഓ(എംഎസ്) 68/2018 തസ്വഭവ തീ18-5-2018 | 8318235 | 2060000 | 995294 | - | 9382941 |

4-6 സ്ഥിര നിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല

4-7 ഓഡിറ്റ് റിക്കവറി

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി റിക്കവറിക്ക് ആധാരമായ ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക, ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും, ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3-6 | 2006-07 | 3-34-1 | ജെ.ജി.എസ്.വൈ മാലം മാന്തുരുത്തി റോഡ് റീടാറിംഗ് നടപ്പാക്കിയില്ല | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 1996-97 | | 1999-2000 | 4 പേജ് 37 | ഉപാധിരഹിത ഫണ്ട് ഭവനനിർമ്മാണം അപാകതകൾ | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| പ്രവർത്തനാവലോകന ഓഡിറ്റ് റിപ്പോർട്ട് | | 2011-12 | | ശിശുക്ഷേമ പദ്ധതികളും അങ്കണവാടികളും | ” |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 102094870.55 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84386608 |
| നീക്കിയിരിപ്പ് | 17708262.55 |
| വരവിനങ്ങളിലുള്ള നഷ്ടം | 30740 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7795 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3300302 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 30740 | 0 | ശ്രീ. അജയകുമാർ.പി,സെക്രട്ടറി |
| 3-1 | | 7795 | ശ്രീമതി രശ്മി.എസ്.കുമാർ അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 30740 | 7795 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 244704 | ശ്രീമതി രശ്മി.എസ്.കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-22-1<br>1-22-2 | 559315<br>305231 | ശ്രീമതി രശ്മി.എസ്.കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-26 | 238005 | ശ്രീ. റോയി.കെ.ജോർജ്, സെക്രട്ടറി |
| 1-32 | 300000 | ശ്രീ. അജയകുമാർ.പി, സെക്രട്ടറി |
| 1-37 | 943047 | ശ്രീ. അജയകുമാർ.പി, സെക്രട്ടറി |
| 1-41 | 200000 | ശ്രീമതി. സിന്ധു.പി.ജി, ഐസിഡിഎസ് സൂപ്പർവൈസർ. |
| 1-44-1 | 210000 | ഡോ.ഡി ദീപു, വെറ്ററിനറി സർജൻ |
| 1-44-2 | 300000 | ഡോ.ഡി ദീപു, വെറ്ററിനറി സർജൻ |
| ആകെ | 3300302 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രശ്മി.എസ്.കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കറുകച്ചാൽ ഗ്രാമപഞ്ചായത്ത് | വാലേപ്പറമ്പിൽ വടവാതൂർ പി.ഒ., കോട്ടയം |
| ശ്രീ. അജയകുമാർ.പി, സെക്രട്ടറി | സെക്രട്ടറി, മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല | അജയകുമാർ പി. ശ്രീശങ്കരം, പുന്നപ്ര പി.ഒ., ആലപ്പുഴ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 (ചെലവ്) | കെഎസ്എ.കെടിഎം.പി5/56/2019(1) 03.09.19 | 1 |
| 1999-2000 | കെഎസ്എ.കെടിഎം.പി5/56/2019(2) 03.09.19 | 1 |
| 2000-01, 01-02 (പ്ലാൻ) | എൽ.എഫ്.കെ.പി.8/636/03/16.4.05 | |
| 2000-01 | കെഎസ്എ.കെടിഎം.പി5/56/2019(3) 03.09.19 | 1 |
| 2002-03 (ചെലവ്) | കെഎസ്എ.കെടിഎം.പി5/1480 /2016(5)/ 04.12.17 | 2 |
| 2005-06 | കെഎസ്എ.കെടിഎം.പി5/56/2019(7) 03.09.19 | 4 |
| 2009-10 | കെഎസ്എ.കെടിഎം.പി5/56/2019(10) 18.10.19 | 9 |
| 2011-12 | കെഎസ്എ.കെടിഎം.പി5/56/2019(12) 15.06.20 | 6 |

| | | |
|---|---|---|
| 2012-13 | കെഎസ്എ.കെടിഎം.പി5/56/2019(13) 15.06.20 | 9 |
| 2013-14 | കെഎസ്എ.കെടിഎം.പി5/56/2019(14) 15.06.20 | 1 |
| 2014-15 | കെഎസ്എ.കെടിഎം.പി5/56/2019(15) 15.06.20 | 8 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5/117 /17/15.05.17 | 19 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി5/429 /18/27.03.18 | 21 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി5/119 /19/18-05-19 | 22 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി5/169 /2020/23-03-20 | 20 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി5/528 /21/31-03-21 | 29 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്